# ബാലരാമായണം

ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം

ഇവ അടങ്ങിയതു്.

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

# ബാലരാമായണം

എൻ. കുമാരൻ ആശാൻ.

ശാരദാ ബുക്കഡിപ്പോ,
ആലുവാ.

★

All rights reserved.

ഉടമസ്ഥന്മാരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ്
കാപ്പി 1000.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

1952.

Digitized By Kerala Sahitya Akademi

# മുഖവുര

ഈ കൃതി എഴുതുന്നതിൽ രണ്ടു സംഗതികളാണു് പ്രധാന പ്രേരകങ്ങളായിരുന്നിട്ടുള്ളതു്. ഒന്നു് ഉൽകൃഷ്ടമായ രാമായണത്തിലെ കഥാസാരം പാട്ടുള്ളതു പ്രകൃത്യനുരൂപമായ വിധത്തിൽ ബാലഹൃദയങ്ങളിൽ പ്രതിഫലിപ്പിക്കുക, മറേറതു വലിയ പദ്യകൃതികൾ വായിച്ചു രസിപ്പാൻ കുട്ടികളുടെ മനസ്സിൽ കൌതുകം ജനിപ്പിക്കുക. ഈ ഉദ്ദേശങ്ങളെ മുൻനിർത്തി കഥാപാത്രങ്ങളുടെ സ്വഭാവാദികളെ ഒരു വിധം സൂക്ഷിച്ചു് ഈ കൃതിയിൽ വെളിപ്പെടുത്തീട്ടുണ്ടു്. ബാഹ്യപ്രകൃതിയേയും മാനസികഭാവങ്ങളേയും സംബന്ധിച്ചു് അവിടവിടെ പ്രകൃതത്തിനനുസരിച്ചു് അല്പാല്പമായ ചില വർണ്ണനകളും ചെയ്തിട്ടുണ്ടു് ഈ രീതിയിൽ രാമായണം മുഴുവൻ എഴുതി പ്രസിദ്ധപ്പെടുത്താനാണു് വിചാരിക്കുന്നതു്. വാല്മീകിരാമായണത്തിൻെറ ഛായയും രസവും പാട്ടുള്ളതു ഈ ചെറിയ കൃതിയിൽ വരുത്താൻ നോക്കുന്നതുമാണു്. മഹാജനങ്ങളുടെ ദയാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ബാലകാണ്ഡം തല്ക്കാലം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ,

എൻ. കുമാരൻ ആശാൻ.

തിരുവനന്തപുരം,
1092- ചിങ്ങം 1-ാംനു-

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ബാലരാമായണം

## ബാലകാണ്ഡം

ശ്രീരാമചന്ദ്രചരിതം
ശോഭനം ബാലരൊക്കവേ
ശ്രദ്ധിച്ചു കേൾപ്പിൻ സരസം
ചൊൽവൻ ലളിതഭാഷയിൽ. 1

പണ്ടുകോസലരാജ്യത്തിൽ
പേരെഴുന്നൊരയോദ്ധ്യയിൽ
മന്നവന്മാർ വാണിരുന്നു
മനുവിൻ തറവാട്ടുകാർ. 2

ശിഷ്ടരെത്താങ്ങിരക്ഷിച്ചും
ദുഷ്ടരെക്കീഴടക്കിയും
ക്ഷത്രിയന്മാരവർ ചിരം
ക്ഷോണിയിൽ കീർത്തിനേടിനാർ. 3

ശക്തിയും ഗുണവും കൊണ്ടു
ചൊല്പ്പൊന്നച്ചക്രവർത്തിമാർ
പ്രജാക്ഷേമത്തെ മുൻനിർത്തി-
പ്പാരടക്കിബ്ഭരിച്ചിതേ. 4

Digitized By Kerala Sahitya Akademi

കാകുൽസ്ഥൻ രഘുവെന്നോരോ
കാരണോന്മാരിൽനിന്നിവർ
കാകുൽസ്ഥന്മാർ രാഘവന്മാ-
രെന്നൊക്കെപ്പേരുമാർന്നിതു. 5

ആ വംശത്തിൽ ദശരഥ-
നെന്നുചൊല്ലാർന്നമന്നവൻ
മൂന്നുവേളികഴിച്ചിട്ടും
മക്കളില്ലാതെ മാഴ്കിനാൻ. 6

വാർദ്ധക്യം വരുമാറായി
വലഞ്ഞു നൃപനേററവും;
ഗർഭംധരിച്ചു ദൈവാനു-
കൂല്യത്താലന്നു രാജ്ഞിമാർ. 7

ഫലിച്ചഭാഗ്യവൃക്ഷത്തിൻ
മൂന്നുശാഖകൾ പോലവേ
ഗർഭമേലുംപത്നിമാരെ-
ക്കണ്ടുമോദിച്ചിതേ നൃപൻ. 8

കൌസല്യ ആദ്യയിവരിൽ
പിന്നെക്കൈകേയിദേവിയാൾ
സുമിത്ര മൂന്നാമത്തേവൾ
മൂവരും മോഹനാംഗിമാർ. 9

കാലംതികഞ്ഞു കൌസല്യ
പെററിതോമൽ കുമാരനെ
പിന്നെക്കൈകേയിയും പെററു
പെററു മറേറാളിരട്ടയും. 10

Digitized By Kerala Sahitya Akademi

മോദിച്ചു രാമനെന്നോതി
മൂത്തപുത്രനു പേർ നൃപൻ
ഓമനപ്പേരായി രാമ-
ചന്ദ്രനെന്നവനെന്നുമേ. 11

കൈകേയിതൻ കിടാവിന്നു
നൽകീ ഭരതനെന്നുപേർ
നൽകീ ലക്ഷ്മണശത്രുഘ്ന-
നാമങ്ങളിതരക്കുമേ. 12

വളൎന്നു മെല്ലെബ്ബാലന്മാർ
വിളങ്ങീ രാജമന്ദിരം
ചന്ദ്രനക്ഷത്രങ്ങൾ പൊങ്ങി-
ത്തെളിയും ദ്യോവുപോലവേ. 13

വേണ്ട കർമ്മങ്ങൾ വഴിപോൽ
ചെയ്യിപ്പിച്ചു ശിശുക്കളെ
വസിഷ്ഠനാം വംശഗുരു
വന്നെഴുത്തിന്നിരുത്തിനാൻ. 14

രാമനിൽ തമ്പിമാർക്കും തൻ-
തമ്പിമാരോടു രാമനും
കൂറൊന്നുപോലെ എന്നാലും
കൂട്ടായീ രാമലക്ഷ്മണർ. 15

ഭരതൻ ശത്രുഘ്നനോടും
പൊരുത്തം പൂണ്ടിണങ്ങിനാൻ
കളിപാഠങ്ങൾ സല്ലാപം
കളിയൂണിതിലൊക്കെയും 16

Digitized By Kerala Sahitya Akademi

കണ്ടു നാട്ടാർ കരുതിനാർ
കൂട്ടുചേൎന്ന കുമാരരെ
കുലമാം മാമരത്തിന്റെ
കുരുന്നിണകളെന്നുതാൻ. 17

കളിക്കും കളിയെന്നാകിൽ
പഠിക്കും പാഠവേളയിൽ
മനസ്സുവച്ചുകിടാങ്ങൾ
മെച്ചം നേടീടുമേതിലും. 18

കളിയായ്ക്കാട്ടിടും വല്ല-
കുണ്ടാമണ്ടികളെങ്കിലും
വിലക്കീട്ടുള്ള കുററങ്ങൾ
വീണ്ടുംചെയ്തീല കുട്ടികൾ 19

വേദശാസ്ത്രങ്ങൾ വിധിപോൽ
പഠിച്ചു മുനിയോടവർ
അസ്ത്രശസ്ത്രങ്ങളും പാ-
ലക്ഷ്മനോടും പഠിച്ചിതേ. 20

ശീലംകൊണ്ടും ബുദ്ധികൊണ്ടും
കൂറുകൊണ്ടും കുമാരരിൽ
ലയിച്ചു നാട്ടുകാൎക്കുള്ളം
പിതാക്കൾക്കെന്തു ചൊൽവുതാൻ. 21

താമസിച്ചെന്നാകിലുമി-
ത്തനയന്മാർ ജനിച്ചവർ
തന്നെക്കാൾ യോഗ്യരാമെന്നു
താതനാശംസതേടിനാൻ. 22

Digitized By Kerala Sahitya Akademi

അമാനുഷമഹാവീര്യ-
നിധിയായ് നാലുമക്കളിൽ
ശ്രീരാമചന്ദ്രനധികം
ശ്രേഷ്ഠനായ്ത്താൻ വിളങ്ങിനാൻ 23

ആശ്ചര്യമമ്മഹാത്മാവിൻ
ചരിതം വിസ്തരിച്ചുതാൻ
വിശ്വമോഹനമാംകാവ്യം
വാല്മീകിമുനി പാടിനാൻ. 24

ശൈശവം കഴിയുംമുമ്പിൽ
ശ്രുതിപ്പെട്ട കുമാരകൻ
അമ്മയച്ഛന്മാൎക്കു നിത്യ-
മാനന്ദംനൽകിമേവിനാൻ. 25

വന്നിതക്കാലമവിടെ
വിശ്വാമിത്രമഹാമുനി
രാക്ഷസന്മാർ കൎമ്മവിഘ്നം
ചെയ്കയാൽ കാട്ടിൽനിന്നുമേ. 26

വനത്തിൽ വാണു വേദങ്ങ-
ളഭ്യസിച്ചു വിധിപ്പടി
യാഗാദികൎമ്മം ചെയ്യുന്ന
യോഗിമാർ മുനിമാരിവർ. 27

ഇവർ ചെയ്വൂ പുണ്യകൎമ്മ-
മീശ്വരപ്രീതിയോർത്തുതാൻ
മുടങ്ങാതതു രക്ഷിക്ക
മുഖ്യമാം രാജധൎമ്മമാം. 28

Digitized By Kerala Sahitya Akademi

രാക്ഷസോപദ്രവം നീക്കി
യാഗം രക്ഷിച്ചുകൊള്ളുവാൻ
രാമചന്ദ്രനെ യാചിച്ചു
രാജാവോടു മഹാമുനി 29

ഘോരരാക്ഷസരെങ്ങെന്റെ
കുട്ടിയെങ്ങെന്നോർക്കയാൽ
വിഷാദിച്ചു ദശരഥൻ
പേടിച്ചു മുനിതന്നെയും. 30

തപസ്സിനാൽ മനഃശ്ശുദ്ധി
തേടും സത്തുക്കൾ തങ്ങടെ
അസംതൃപ്തിക്കു ലാക്കാകു-
ന്നവർക്കു ഗുണമേ വരാ. 31

വേണ്ടാ ഭയം നന്ദനനെ
വിശ്വാമിത്രരൊടൊത്തുനീ
അയയ്ക്കുക വിഭോ! നന്മ-
യുണ്ടാമെന്നാൻ പുരോഹിതൻ. 32

വല്ലവാറും സമ്മതിച്ചു
വിട്ടുരാമനെ മന്നവൻ
ഛായപോൽ പിരിയാത്തൊരു
തമ്പി ലക്ഷ്മണനോടുമേ 33

വില്ലുമമ്പും കയ്യിലേന്തി
വന്ദിച്ചിതവരച്ഛനെ
അദ്ദേഹം നെട്ട വീപ്പിട്ടു
ചുംബിച്ചാശിസ്സുമേകിനാൻ. 34

Digitized By Kerala Sahitya Akademi

മാതാക്കൾ പിന്നെ മിഴിനീർ
തുടച്ചു വിടനൽകിനാർ
മുന്നേർകളെ മനക്കാമ്പി-
ലോർത്തും മുനിയെയോർത്തുമേ. 35

കാട്ടു രാക്ഷസരെന്നല്ല
യുദ്ധമെന്നൊക്കെയോർക്കയാൽ
കൌതൂഹലം തേടി സിംഹ-
ശ്ശൂരന്മാരക്കുമാരകർ. 36

പോയീ വിശ്വാമിത്രരുടെ
പിമ്പേയുത്സാഹമാർന്നിവർ
വായുവിൻ പിമ്പു വില്ലുന്ന
രണ്ടു മേഘങ്ങൾ പോലവേ. 37

കടന്നു ഗോപുരമിവർ
കടന്നു തെരുവീഥികൾ
സരയൂനദി കല്ലോലം-
തല്ലും നഗരസീമയും. 38

അക്കരെയ്ക്കിവരെത്തുമ്പോ-
ളസ്തമിച്ചിതു ഭാനുമാൻ
അന്നത്തെ യാത്രയവിടെ
നിർത്താനോതിയമാതിരി. 39

സന്ധ്യാനുഷ്ഠാനവുംചെയ്തു
ഭക്ഷിച്ചങ്ങവർ മൂവരും
സാധാരണജനംപോലൊ-
രമ്പലംപുക്കുറങ്ങിനാർ. 40

Digitized By Kerala Sahitya Akademi

രാവിലെ കാററിലാഞ്ഞാടും
കതിർത്തുന്ന നിലങ്ങളും
പക്ഷിക്കൂവും പൊയ്കകളും
പാർത്തുയാത്രതുടങ്ങിനാർ. 41

പാടത്തിൽ വെള്ളംപായിക്കും
പല കൈത്തോടുമപ്പുറം
കണ്ടാർ കാലികൾ മേഞ്ഞിപ്പോ-
ഊടുപാതകൾ താറുമേ. 42

പാർത്താർ വയ്ക്കോൽപന്തലാർന്ന
കരവാരം പറമ്പുകൾ
തൊഴുത്തും കളവും ചേർന്ന
പുല്ലുമേഞ്ഞ ഗൃഹങ്ങളും 43

ഭാണ്ഡവും പേറി യാത്രക്കാർ
പോവതങ്ങിങ്ങു കണ്ടിതു;
നീണ്ടു നീണ്ട നടയ്ക്കാവും
കണ്ടു നിഴൽ മരങ്ങളും. 44

മാറ്റൊലിക്കൊണ്ടു ഗോപാല-
ക്രുത്തും മുരളികേട്ടിടും
മേച്ചിൽസ്ഥലങ്ങളും വണ്ടു
മൂളും കുററിവനങ്ങളും. 45

മറ്റോരോന്നും കണ്ടുരസം
പൂണ്ടുമമ്പാർന്നിടയ്ക്കിടെ
മുനിയോതുന്ന കഥകൾ
കേട്ടും പോയിതു ബാലകർ. (യുഗ്മകം) 46

Digitized By Kerala Sahitya Akademi

ദ്ദൂരെക്കറുത്തെഴും കുന്നിൻ
ക്കൂട്ടം കണ്ടവർ ചോദ്യമായ്
ഇങ്ങാണോ യാഗമിവരോ
രാക്ഷസന്മാർ മഹാമുനേ? 47

അപ്പുറത്തിടവപ്പാതി
മേഘം മാനത്തിലെന്നപോൽ
ഭൂമിമേൽ വാച്ചു നീലിച്ച
കൊട്ടങ്കാടവർ കണ്ടതു. 48

പ്രാന്തങ്ങളിൽ പക്ഷിവൃന്ദം
പാടുന്നു തരുവല്ലിമേൽ
ശോഭ കൂന്നു പൂക്കളും പുഷ്പ-
ഗന്ധം വീശുന്നു കാററുകൾ. 49

എന്നാലുള്ളിൽ സമുദ്രത്തിൻ
കയംപോലെ ഭയാനകം
ഇരുട്ടും നിശ്ശബ്ദതയു-
മാർന്നു ഗംഭീരമാവനം. 50

തലയോടെല്ലു തോലൊക്കെ
ത്തുത്തിരുന്നിതതാതിടം
നരതിര്യഗ്ജാതികളെ-
ക്കൊന്നുകൂട്ടിയിരുന്നതോ. 51

വല്ലാത്ത ദുർഗ്ഗന്ധവായു
തിങ്ങും വനമതിന്നുമേൽ
കഴുകന്മാരംബരത്തിൽ
വട്ടം ചുററിപ്പറന്നിതേ. 52

Digitized By Kerala Sahitya Akademi

കയത്തിൽ മുതലയ്ക്കൊത്തി-
ക്കാട്ടിൽ താടകരാക്ഷസി
ഭയത്തെ നൽകിമേവുന്നു
പാന്ഥർക്കെന്നോതിനാൻ മുനി. 53

കണ്ടും ഭയങ്കരക്കാഴ്ച
കേട്ടും രാക്ഷസിതൻകഥ
രണത്തിൽ കൗതുകംപൂണ്ടും
രാമൻ ഞാണൊലികൂട്ടിനാൻ. 54

അതുകേട്ടധികം ക്ഷോഭി-
ച്ചലറിപ്പാഞ്ഞടുത്തിതു
കൊടുങ്കാറേററവുംകോപിച്ച
കരുങ്കടലുപോലവൾ. 55

പിടിച്ചുതിന്മാനണയും
രാക്ഷസത്തിയെ ഭീതിയാൽ
പെണ്ണെന്നോർക്കേണ്ടെന്നുമുനി
യോതീ;—യമ്പെയ്തു രാഘവൻ. 56

രാമാസ്ത്രം മാറിലേറേററ-
രക്തം ചിന്തി നിശാചരി
ബാലാർക്കകിരണംതട്ടി
രാത്രിപോൽ ഭൂവെടിഞ്ഞിതേ. 57

ഊർജ്ജസ്വലൻരാഘവൻെറ-
യൊന്നാമത്തെ പരാക്രമം
കണ്ടത്ഭുതപ്പെട്ടു തമ്പി
ലക്ഷ്മണൻ മുനിവര്യനും. 58

Digitized By Kerala Sahitya Akademi

അഭിനന്ദിച്ചു വിജയ-
മാശ്ലേഷിച്ചു സഹോദരർ
അവർക്കു മുനിയാശിസ്സു-
മേകീ ദിവ്യാസ്ത്രവിദ്യയും. 59

വീണ്ടും നടന്നവരന്നെത്തീ
വിഖ്യാതം വാമനാശ്രമം
അക്കാട്ടിലാരാവുപോക്കീ-
യർക്കചന്ദ്രാഗ്നിസന്നിഭർ. 60

അടുത്തനാൾ കുമാരന്മാർ
മുനിയെപ്പിന്തുടർന്നിതു
അടുത്തു സിദ്ധാശ്രമമെ-
ന്നറികൌതൂഹലത്തൊടും. 61

അങ്ങാണു വിശ്വാമിത്രന്റെ-
യതിരമ്യതപോവനം
അങ്ങാണു യാഗമവിടെ-
യാണു രാക്ഷസബാധയും. 62

അരികിൽ കണ്ടു ബാലന്മാ-
രങ്ങങ്ങായൂട്ടുപാതകൾ
വരിനെല്ലിൻ വിളവുകൾ
വൃക്ഷവാടികൾ സാന്ദ്രമേ. 63

കണ്ടു മുറിച്ചകൊമ്പൊന്നു
കുററിച്ചമത പൂപ്പതും
അരിഞ്ഞെഴും മൂട്ടിൽനിന്നു
പുത്തൻ ദർഭമുളപ്പതും. 64

Digitized By Kerala Sahitya Akademi

വില്ലുമമ്പും കാണുകിലും
വകവയ്ക്കാതെ മാൻനിര
പുല്ലുമേയുമതെന്നല്ല
പോവോരെപ്പാർത്തുനില്പതും. 65

വല്ലിയും ശാഖയും പൂത്ത
വന്മരങ്ങളതാതിടം
വാച്ചുനിന്നിതു വാനത്തോ-
ടന്തിപ്പൂമുകിൽപോലവെ. 66

പൊയ്കക്കരകളിൽ താണ
തരുശാഖകൾ തേ[illegible]മ
തോരാൻകെട്ടും വല്ക്കലങ്ങൾ
പൂങ്കാററിൽ പാറിനിന്നിതു. 67

ഇലക്കുടിഞ്ഞിലോരോന്നു
കാണുമാറായിടയ്ക്കിടെ
അടിച്ചുമെഴുകിപ്പൂവി-
ട്ടുള്ള മുററങ്ങളോരുമേ. 68

അപ്പോൾ ദൂരത്തിലിവരെ-
ക്കണ്ടിട്ടാശ്രമവാസികൾ
അംഗമാന്ദ നടന്നെത്തും
മൂന്നഗ്നികൾകണ്ടക്കെത്താൻ. 69

വിപ്രന്ന രഘുപുത്രന്മാ-
രൊത്തെത്തും മുനിനാഥനെ
വഴിയിൽചെന്നു വന്ദിച്ചു
ശിഷ്യന്മാരെതിരേററിതു. 70

Digitized By Kerala Sahitya Akademi

ഇവരാശ്രമവാടത്തി-
ലെത്തുംമുമ്പേയൊരുക്കിനാർ
ജല, മാസന, മർഘ്യങ്ങ-
ളെല്ലാമങ്ങു തപസ്വികൾ 71

വന്ദിച്ചു രാജപുത്രന്മാർ
വന്ദ്യന്മാരാം മുനീന്ദ്രരെ
അബ്ബാലന്മാരെയാമോദി-
ച്ചാശ്ലേഷിച്ചു തപോധനർ. 72

തലോടിരാമനെപ്പാരം
താടകാ നിഗ്രഹത്തിനായ്
അമ്പെടുത്ത വലംകയ്യി-
ലാദ്യം ചുംബിച്ചുകൊണ്ടവർ. 73

കുശലപ്രശ്നങ്ങൾകേട്ടും-
കണ്ടും സല്ക്കാരസംഭ്രമം
മുനിവേഷങ്ങൾ വീക്ഷിച്ചും
മോദം പൂണ്ടു കുമാരകർ. 74

ജടക്കൂട്ടിക്കെട്ടിവയ്പ്പോർ
താടിനീട്ടിവളർത്തുവോർ
തോലോ മരപ്പട്ടയോ കൊ-
ണ്ടരമാത്രം മറയ്ക്കുവോർ. 75

ഗോപിചാർത്തുന്നവർ ചിലർ
ഭസ്മംപൂശിടുവോർചിലർ
കൂടിതപസ്വിമാർ വന്ന-
ങ്ങെല്ലാരും വേദവേദികൾ. 76



Digitized By Kerala Sahitya Akademi

വിശ്രമിച്ചിന്നു സുഖമാ-
യേവരും യജ്ഞവാടിയിൽ
വിശ്വാസമാൻറ പിറേറന്നാൾ
യാഗകൎമ്മം തുടങ്ങിനാർ 77

ഋക്കീവേദി, മുറപോ-
ലാരംഭിച്ചു ജപങ്ങളും
ഹോമങ്ങളും താപസന്മാർ
തൎപ്പണങ്ങളുമങ്ങുടൻ. 78

രാമനും ലക്ഷ്മണൻ താനും
രക്ഷയ്ക്കായ് യജ്ഞവാടിയിൽ
രണ്ടുദിക്കുകളിൽ കയ്യിൽ
കുലവില്ലേന്തി നിന്നിതു. 79

വരുവിൻ രാക്ഷസന്മാരെ!
യിനിയെന്നഗ്നി നിർഭയം
കത്തിക്കാളുംജ്വാലകളാം-
കയ്യുയൎത്തി വിളിച്ചിതു. 80

ഹോമധൂമങ്ങളാകാശം
മൂടിയുടനവയ്ക്കുമേൽ
കാൺമാറായ് രാക്ഷസരെ-
ക്കാർമ്മുകിൽചാൎത്തുപോലവേ. 81

കഠോരമാം പല്ലിളിച്ചു
കാണിച്ചു മിന്നലെന്നപോൽ
ഇടിവെട്ടുംമട്ടു ധൃഷ്ടർ
ചെയ്തു ഘോരാട്ടഹാസവും. 82

Digitized By Kerala Sahitya Akademi

വർഷിക്കയും ചെയ്ത മാംസ-
കബളം തുപ്പിയെങ്ങുമേ
ലന്തപ്പഴംപോൽ വലുതാം
രക്തബിന്ദുക്കളങ്ങവർ. 83

എപ്പോഴിതെല്ലാം കാണായി-
തെപ്പോഠം പേടിച്ചു താപസർ
അപ്പോഠം നിറച്ചു കാകുൽസ്ഥ-
രമ്പാലാകാശമണ്ഡലം 84

ഇരച്ചുപൊങ്ങിയസ്ത്രങ്ങഠം
ചണ്ഡമാരുതശക്തിപോൽ
എങ്ങും നിൽക്കാതെയോടിച്ചു
രാക്ഷസപ്പടയെ ദ്രുതം 85

ചീറിത്തുടന്ന ബാണങ്ങ-
ളേററു ചത്തനിശാചരർ
കരുംപാറകഠം പോൽദ്ദൂരെ-
ക്കാട്ടിലങ്ങിങ്ങു വീണിതേ 86

സുബാഹുവാം തലവനെ-
ക്കൊന്നുവീഴ്ത്തിരഘൂത്തമൻ
മാരീചനെന്നവൻ പേടി-
ച്ചോടിപ്പോയ് രക്ഷതേടിനാൻ. 87

ലോകത്തിൻഹൃദയംപോലെ
തെളിഞ്ഞു വ്യോമമണ്ഡലം
മുനിമാർ മോദമുഠംക്കൊണ്ടു
മുടിച്ചു യാഗകർമ്മവും 88

Digitized By Kerala Sahitya Akademi

പിന്നെ പ്രസന്നനായ് ധന്യൻ
വിശ്വാമിത്രൻ കുമാരരെ
ദീക്ഷാസ്നാനത്താൽ നനഞ്ഞ
മാറിൽ ചേർത്തു തലോടിനാൻ. 89

വനാശ്രമവിശേഷങ്ങ-
ളാരാക്ഷസവധങ്ങളും
അമ്മമാരോടു ചെന്നോതാ-
നൗൽസുക്യം തേടി ബാലകർ. 90

പുറപ്പെട്ടാനവരുമായ്
പിന്നെ വേഗം മഹാമുനി
വൃഥാകാലം കഴിപ്പീല
വിജ്ഞന്മാരൊരുനാളുമേ. 91

കാടേറി മുനിയോടൊത്തു
പോകും രാജകുമാരരെ
വിരഹാശ്രു തടഞ്ഞിട്ടു
നോക്കിനിന്നു തപസ്വികൾ. 92

ഓരോ കഥകളും ചൊല്ലി-
ബ്ബാലരൊത്തു നടന്നുടൻ
മിഥിലയ്ക്കുള്ള വഴിയിൽ
മുനിചെന്നു തിരിഞ്ഞിതു. 93

കണ്ടു കയത്തിൽ ഗഗനം
ബിംബിക്കും ഗംഗയങ്ങിവർ
കരയ്ക്കഹല്യാവനവും
കണ്ടിതാരാമഭംഗിയിൽ. 94

Digitized By Kerala Sahitya Akademi

വിദേഹഗുരുവാകുന്ന
ശതാനന്ദന്റെയമ്മയാം
അഹല്യ പൂജിച്ചിവരെ-
യയച്ചു മിഥിലയ്ക്കുതാൻ. 95

വിദ്വാൻ വിദേഹനെക്കാണാ-
മെന്നു മോദിച്ചു രാഘവൻ
വീരരാരും കുലയ്ക്കാത്ത
വില്ലുണ്ടെന്നറിഞ്ഞുമേ. 96

അമ്മാർഗ്ഗമായയോദ്ധ്യയ്ക്കു
പോകുവാൻ ദൂരമെങ്കിലും
നടന്നു ദാശരഥിമാ-
രുള്ളിലുത്സാഹമാർന്നുതാൻ. 97

വർദ്ധിച്ചുകണ്ടു ജനസ-
ഞ്ചാരം പുരമടുക്കവേ
കായലെത്തുന്ന ചെറിയ
കാട്ടാറിൽ ജലമെന്നപോൽ. 98

ഭാരം വണ്ടികളാളൊക്കെ-
തിക്കമങ്ങാടി കണ്ടിതു
പ്രഭുക്കൾ തണ്ടും രഥവു-
മേറിപ്പോം രഥ്യ കണ്ടിതു. 99

ദിക്ചക്രവാളം ചൂഴുന്ന
നഭോഭിത്തികളെന്നപോൽ
നഗരാന്തങ്ങളിൽ പൊങ്ങി
നെടുംകോട്ടകൾ കണ്ടിതു. 100

Digitized By Kerala Sahitya Akademi

അംബരം മുട്ടിനില്ക്കുന്ന
ഗോപുരാഗ്രങ്ങൾ തന്നിലും
കണ്ടു കിടങ്ങിൽ ബിംബിച്ചു
താഴെയും മേഘമാലകൾ. 101

ഹിമാലയത്തിൻ ശിഖര–
നിരപോൽ തിങ്ങിയെങ്ങുമേ
കാണുമാറായ് വീഥിതോറും
സൌധങ്ങൾ പലമാതിരി. 102

ചലിച്ചു തെരുവിൽ ചിത്ര–
വസ്ത്രമാർന്ന ജനാവലി
നീളെക്കാണായി പുഴയിൽ
പൂന്തോട്ടം നിഴലിച്ചപോൽ. 103

രസമായ് ഗീതവാദ്യങ്ങൾ
നീട്ടിക്കൊടി പറത്തിയും
ലാത്തീ കാററങ്ങു കളഭ–
സൌരഭ്യങ്ങൾ പരത്തിയും 104

കാട്ടും മലകളും പർണ്ണ–
ശാലയും മുനിവൃത്തിയും
കണ്ടുപോന്ന കുമാരക്കു
കൌതുകം നൽകിയിപ്പുരി. 105

എന്നല്ലയോദ്ധ്യയിൽ ചെന്നു
ചേർന്നപോൽ ബാലകർക്കഹോ
എന്തെന്നില്ലാത്തൊരാനന്ദം
തോന്നീ മിഥിലകാണവേ.

Digitized By Kerala Sahitya Akademi

വിശ്വാമിത്രന്റെ വരവു
ദൂതർ ചെന്നറിയിക്കയാൽ
വിരവോടെത്തിയവരെ
മന്ത്രിമാരെതിരേററിതു. 107

ശതാനന്ദനൊടൊന്നിച്ചാ
ശ്രീമാൻ ജനകഭൂപനെ
അഗ്നിശാലയതിൽ കണ്ടു
വേറെ രണ്ടഗ്നിപോലിവർ. 108

ചെയ്താചാരോപചാരങ്ങൾ
ചോദിച്ചു മിഥിലാധിപൻ
എഴുന്നള്ളാൻ പ്രസാദിച്ച-
തെന്തെന്നു മുനിയോടുടൻ. 109

വത്സരെദ്ദാശരഥിമാ-
രെന്നുകേട്ടാദരിക്കയാൽ
ജനകന്മേലവർക്കുള്ളിൽ
ജനിച്ചു ജനകാദരം. 110

ഇവർക്കിങ്ങുള്ള വലിയ
വില്ലുകാണ്മാൻ കുതൂഹലം
എന്നോതീ മുനി രാമന്റെ-
യെല്ലാക്കഥയുമോതിനാൻ. 111

തേജസ്സുകാൺകിലും ചെയ്ത-
വീരവൃത്തികൾ കേൾക്കിലും
തോന്നീല ജനകന്നൊട്ടും
രാമൻ വില്ലേററമെന്നുടൻ. 112

Digitized By Kerala Sahitya Akademi

എന്നാലുമാജ്ഞയരുളീ
നൃപൻ വന്നെത്തി ചാപവും
ഇരുമ്പുവണ്ടിമേലേററി-
യേറെയാളുന്തി മെല്ലവേ. 113

വില്ലാം വൻപാമ്പിനെക്കണ്ടു
കൈക്കരുത്തായ കീരിയെ
വിനയത്താലടക്കിടാൻ
വിഷമിച്ചു കുമാരകർ. 114

അതു കണ്ടു മുനിശ്രേഷ്ഠൻ
കൺകോണാലാജ്ഞ നല്കിനാൻ
അടുത്തുചെന്നാൻ ശ്രീരാമ-
നങ്ങുനിന്നവർ മാറിനാർ. 115

കാർകൊണ്ടൽവർണ്ണനുടനേ
കീഴ്മേലൊന്നു നോക്കിനാൻ
മഴവില്ലെന്നപോലേറെ
മഹത്താമദ്ധനുസ്സിനെ. 116

താടകാരികുലയ്ക്കും വി-
ല്ലെന്നുകേട്ടുജനങ്ങളും
തിക്കിത്തിരക്കിവന്നെത്തി
ചുററുംനിന്നാഞ്ഞു നോക്കിനാർ. 117

നിരന്നു വന്മാളികമേൽ
നിന്നുപെണ്ണുങ്ങൾ നോക്കിനാർ
നിലാവിനാൽ വെണ്മതേടും
നഭസ്സിൽ താരപംക്തിപോൽ. 118

Digitized By Kerala Sahitya Akademi

ഇരുമ്പുതൂണുയർത്തുന്ന
യന്ത്രക്കപ്പിക്കണക്കഹോ!
കുനിഞ്ഞുരാമൻ തെല്ലൊന്നു
നിവർന്നു കയ്യിൽ വില്ലൊടും. 119

തേജസ്വിജനകൻ മുമ്പി-
ലബ്ധാനുസ്സന്തിയങ്ങനെ
മഴമേഘംപോലെ രാമൻ
മോഹനൻനിന്നു കാൽക്ഷണം. 120

എന്നിട്ടിടംകയ്യിൽമാററി-
യ്യൂഴിയിൽ കുത്തിവില്ലഹോ!
കുനിച്ചാൻ കഷ്കയുവാ
കരിമ്പിൻ കോലുപോലവൻ. 121

ഞാൺവലിച്ചു രാമചന്ദ്രൻ
ഞെരിഞ്ഞൂ ചാപമൊന്നുടൻ
ഞൊടിയിൽ രണ്ടായ്മുറിഞ്ഞു
ഞെട്ടിപ്പോയ് കണ്ടുനിന്നവർ. 122

വിൽമുറിഞ്ഞരവം ദ്യോവിൽ
ചേർത്തുമാറെറാലി വിണ്ണുതാൻ
ലോകൈകവീരൻ ശ്രീരാമ-
നെന്നുചൊല്ലിയമാതിരി. 123

കൈച്ചുറുക്കും രാഘവൻെറ
കരുത്തും കണ്ടു കാണികൾ
അതിരില്ലാതെയാശ്ചര്യം
തേടിയാർത്തു വിളിച്ചിതു. 124

Digitized By Kerala Sahitya Akademi

അത്ഭുതപ്പെട്ടുജനക-
നാനന്ദാശ്രുപൊഴിഞ്ഞിതു
വിസ്മയം ലക്ഷ്മണൻ താനും
വിശ്വാമിത്രരുമാന്നിതു. 125

ഈ വില്ല് കുലയേററുന്ന
വീരനെസ്സീതയെന്മകൾ
വരിച്ചീടണമെന്നുണ്ടു
പന്തയം വച്ചിരിപ്പു ഞാൻ. 126

കേട്ടിരിയ്ക്കാം ലോകരെല്ലാ-
മതു ഞാനിന്നു ധന്യനായ്
വത്സൻ ദാശരഥിയ്ക്കുൻെറ
വീരശ്രുൽക്കം ലഭിക്കയാൽ. 127

എന്നോതി ജനകൻ പിന്നെ-
യാജ്ഞാപിച്ചു സ്വയംവരം
പൊന്മേനിസ്സീതയെക്കൊണ്ടു-
വന്നു രാജപുരന്ധ്റിമാർ. 128

കോമളൻ രാമനെക്കണ്ടു
കോൾമയിക്കൊണ്ടു പൂവുടൽ
കൊച്ചോമനമുഖം സീത
കുനിച്ചരികിൽ നിന്നിതു. 129

രാമഭദ്രൻെറ കണ്ഠത്തിൽ
പിന്നെയച്ചെറുപെൺകൊടി
അമ്മമാരരുളിച്ചെയ്ത
പോലെ മാലയുമിട്ടിതു. 130

Digitized By Kerala Sahitya Akademi

സീതയാം രോഹിണിയോടും
രാമചന്ദ്രൻ മനോഹരൻ
പരിവേഷമഹാമാലാ-
പൂണ്ടപാരം വിളങ്ങിനാൻ. 131

അന്തഃപുരത്തേയ്ക്കനന്തരം
വീണ്ടുമായമ്മമാരൊടും
രാമൻെറ ഹൃദയംകൊണ്ടാ-
രാജപുത്രിഗമിച്ചിതു. 132

വിവാഹമംഗളത്തിന്നാ-
യൊരുക്കി മിഥിലാധിപൻ
അയോദ്ധ്യയ്ക്കായനന്തരന്നെ-
യയച്ചു ഗുരുവര്യനെ. 133

വൃത്താന്തം കേട്ട മോദിച്ചു
കുടുംബത്തോടെ മോടിയിൽ
പുറപ്പെട്ടു ദശരഥൻ
വസിഷ്ഠനിവരൊക്കെയും. 134

നാലുനാളം കൊണ്ടെത്തിയവർ
മിഥിലാപുരസീമയിൽ
നിൽത്തീസേനയെ, യങ്ങെത്തി-
യെതിരേററു മഹീപതി. 135

നഗരത്തിലെഴുന്നള്ളി-
യിവരെന്നതുകേട്ടുടൻ
ശ്രീരാമലക്ഷ്മണന്മാരും
ചെന്നു താണുവണങ്ങിനാർ. 136

Digitized By Kerala Sahitya Akademi

അച്ഛനും മൂന്നമ്മമാരും
ഭ്രാതാക്കളവർ നാൽവരും
അങ്ങു സന്ധിച്ചപോതുണ്ടാ-
മാനന്ദമരുളാവതോ? 137

കെട്ടിപ്പുണന്നിതവര-
ങ്ങന്യോന്യം, ഹൃദയങ്ങളിൽ
കുടുംബസ്നേഹജലധി
കരകത്തിയിടിച്ചിതു. 138

വസിഷ്ഠാദികളൊത്തുള്ള
കോസലാധിപനെ സ്വയം
ശതാനന്ദൻ ജനകനും
ശ്രദ്ധവച്ചാദരിച്ചിതു. 139

എന്നല്ല പിന്നെ സ്നേഹത്താ-
ലവരൊന്നായ് ചമഞ്ഞിതു
സൽക്കാരം സ്വീകരിപ്പാനും
സൽക്കരിപ്പാനുമുള്ളവർ. 140

പോരാ ദശരഥൻതന്നെ-
യങ്ങു സർവ്വാധികാരിയായ്,
കൌസല്യതാനമ്മയായി
ജാനകിക്കങ്ങുകായിലിൽ. 141

മഹാകുടുംബങ്ങളിതു
രണ്ടും ചേർന്നു ലയിച്ചിതു
മേളിച്ചൊഴുകിടും രണ്ടു
മഹാ നദികൾ പോലവേ. 142

Digitized By Kerala Sahitya Akademi

വിവാഹലഗ്നം മുനിമാർ
വിചാരിച്ചറിവിച്ചിതു
ചൊന്നാനപ്പോൾ ദശരഥൻ
തന്നോടു മിഥിലാധിപൻ. 143

സീത,യൂർമ്മിളയിച്ചൊന്നോ–
രല്ലാതുണ്ടു മഹീപതേ!
എനിക്കു രണ്ടു പെൺമക്കൾ
കുശദ്ധ്വജകുമാരിമാർ 144

അവർക്കു വത്സൻ ഭരതൻ
ശത്രുഘ്നനിവർ ചേരുമേ
രാമലക്ഷ്മണ വത്സന്മാർ
മററവർക്കെന്നപോലവേ. 145

എല്ലാമങ്ങേടെയിഷ്ടം പോ–
ലെന്നോരീ കോസലേശ്വരൻ
എല്ലാവർക്കും സമ്മതമായ്
തീർന്നിതന്നിശ്ചയങ്ങളും. 146

പരിഷ്കരിച്ചു നഗരം
പാറീ കൊടികളെങ്ങുമേ
ഭേരീമൃദംഗനാദങ്ങൾ
പൊങ്ങീ മംഗളമാംവിധം. 147

സാമന്തരും മന്ത്രിമാരും
പൌരമുഖ്യരുമൊക്കെയും
സഭയിൽ തിങ്ങി—ഹോമാഗ്നി–
സംഭരിച്ചു പുരോഹിതൻ. 148

Digitized By Kerala Sahitya Akademi

മന്ത്രകോടിയുടുപ്പിച്ചു
മങ്കമാർ ചമയിച്ചുടൻ
മനോജ്ഞമാം മണ്ഡപത്തിൽ
സീതയെക്കൊണ്ടുവന്നിതു. 149

രാമനും മംഗലസ്നാനം
ചെയ്തൊരുങ്ങി വിധിപ്പടി
രാജീവനേത്രയാൾ തന്റെ
വലത്തായ് വന്നു നിന്നിതു. 150

വിവാഹവേഷം പൂമെയ്യിൽ
പൂണ്ടിബ്ബാലവധൂവരർ
വിസ്മയിപ്പിച്ചു സഭയെ
സ്വതേയതിമനോഹരർ. 151

പിന്നെച്ചടങ്ങു പലതും
നടന്നു, മിഥിലാധിപൻ
സീതതൻ കൈത്തളിർപ്പിടി-
ച്ചല്പിച്ചൂ രാമപാണിയിൽ. 152

പൊന്മേനിയാൾ പിടിച്ചോരാ-
ക്കാർവർണ്ണൻകൈ ലസിച്ചിതു
പൂത്തനായ് പൂത്തചെറിയ
കൊന്നതൻ കൊമ്പുപോലവെ. 153

പാർത്തോരാനന്ദാശ്രു ചിന്നി-
പ്പൊഴിഞ്ഞൂ പുഷ്പവൃഷ്ടികൾ
പൊങ്ങിയാശീർവാദകോലാ-
ഹലം—മൂർച്ഛിച്ചുവാദ്യവും. 154

Digitized By Kerala Sahitya Akademi

മുഹൂർത്തങ്ങളിവണ്ണം താ-
നോർത്തു മുൻചൊന്നപോലവേ
മൂന്നു സോദരരും മൂന്നു-
മുഗ്ദ്ധാംഗികളെ വേട്ടിതു. 155

പിന്നെസ്സദ്യകളും മററും
നടന്നു പൊടിപൂരമായ്
പിരിവാൻ കാലമായ്—ക്രൂരാൽ
സംബന്ധികൾ കുഴങ്ങിനാർ. 156

എൻ പുത്രിമാർ പോയിരുളാം
വീട്ടിന്നു വിഭവാവലി
എന്തിനെന്നായ് സ്ത്രീധനങ്ങൾ
വിദേഹൻ വാരിനൽകിനാൻ. 157

പുത്രിമാരെ ദശരഥൻ
കയ്യിലേല്പിച്ചു പാർത്ഥിവൻ
പ്രയാസപ്പെട്ടൊരുവിധം
പിന്നെ യാത്രവഴങ്ങിനാൻ. 158

തലോടിയും കൈപിടിച്ചും
തേങ്ങിയും തമ്മിലന്നവർ
തൊഴുതും കണ്ണീർപൊഴിച്ചു-
മാശ്ലേഷിച്ചും പിരിഞ്ഞിതു. 159

ശൂന്യമായ് തോന്നി മിഥില
ശൂന്യമായ് രാജമന്ദിരം
അതിലും ശൂന്യമായ് ഭൂപ-
ന്നാത്മാ ജാനകി പോകയാൽ. 160

Digitized By Kerala Sahitya Akademi

ആഘോഷമോടയോദ്ധ്യയ്ക്കു
പോമദ്ദശരഥാദിയെ
വഴിയ്ക്കു കണ്ടുകോപിച്ചു
വഴക്കായ് ഭാർഗ്ഗവൻമുനി, 161

മഴവേന്തും രാമനവൻ
മലയാളം നികത്തിയോൻ
ക്ഷത്രിയന്മാരെന്നു കേട്ടാൽ
ക്ഷമയില്ലാത്തൊരന്തണൻ. 162

രാമൻ താനേകനേയാവൂ
രാഘവൻ പേരുമാററണം
രക്ഷയല്ലെങ്കിലില്ലെന്നാൻ
രണഭീമൻ തപോധനൻ. 163

എന്നല്ലിവൻ വിദേഹൻെറ
വില്ലൊടിച്ച മഹാപുമാൻ
എൻെറ വില്ലും കുലയ്ക്കേണ-
മെന്നമ്മുനി ശഠിച്ചപോൽ. 164

പേടിച്ചുകാൽപിടിക്കുന്ന
പിതാവിൽ കൃപയെന്നിയേ
പരുഷംചൊല്ലുമവനെ-
പ്പിന്നെക്കൂസീല രാഘവൻ. 165

വില്ലിങ്ങുതരികെന്നാഞ്ഞു
വാങ്ങിനാൻ കുലയേററിനാൻ
വലിച്ചമ്പു തൊടുത്താനാ-
വീഴ്ത്തുവാൻ രഘുനന്ദനൻ. 166

Digitized By Kerala Sahitya Akademi

അയ്യോ! നമ്മെ വധിച്ചേക്ക-
മമാനുഷയുവാവിവൻ
എന്നുപേടിച്ചു ഭയവു-
മന്നാറിഞ്ഞിതു ഭാർഗ്ഗവൻ. 167

താണുകൂപ്പീടുമവനെ
ക്ഷത്രധർമ്മം നിനച്ചുടൻ
തേജോവധം ചെയ്തു രാമൻ
വിട്ടു വിപ്രത്വമോർത്തുമേ. 168

ഭയതോന്നും ഭൃഗുസുതൻ
തലതാഴ്ത്തിയതോർക്കിൽ
ജാതിവൈരം പുലർത്തുന്ന
ജളന്മാർക്കിതു പാഠമാം. 169

തൻമുമ്പിൽ കണ്ടപുത്രന്റെ-
യീയലൌകിക വിക്രമം
താതൻ ദശരഥൻ പൂണ്ട
ധന്യത്വമതിരുള്ളതോ? 170

വീണിതേ കമ്പിടും രാമ-
ശിരസ്സിൽ ഹർഷഹേതുവാൽ
താതാശ്രുവും വസിഷ്ഠന്റെ-
യാശീർവചനധാരയും. 171

മൂക്കിൽ ചേർത്തുള്ള വിരലും
നീക്കീട്ടരികിലെത്തവേ
അമ്മമാരും ജാനകിയു-
മുമ്മവെച്ചിതു രാമനെ. 172



Digitized By Kerala Sahitya Akademi

കുടുംബപരിവാരങ്ങ-
ളൊത്തുപോയ് പിന്നെ മന്നവൻ
കൊമ്പൻ കാട്ടാനക്കൂട്ടത്തോ-
ടെന്നപോൽ ഭയമെന്നിയേ. 173

വേളികഴിഞ്ഞുവേണ്ട വിരുന്തൊക്കെയുമാന്നധികം
ലാളിതരാം കുമാരരൊടയോദ്ധ്യയിലെത്തി നൃപൻ;
മാളികമേലുമത്തെരുവിലും മഴിമൂടിവരും
ധൂളിതടുക്കിലും ജനതനിന്നതു നോക്കിസുഖം. 174

ബാലകാണ്ഡം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

# ബാലരാമായണം

## അയോദ്ധ്യാകാണ്ഡം

---

വേട്ട രാജകുമാരന്മാർ
നാൽവരും വന്ന നാൾ മുതൽ
വിശേഷിച്ചു മഹാലക്ഷ്മി
നൃത്തമാടിയയോദ്ധ്യയിൽ. 1

തെളിഞ്ഞു പാരം ശോഭിച്ചു
ഭാര്യാപുത്രവധൂയുതൻ
താരാകുടുംബത്തോടൊത്ത
ശരൽപൂർണ്ണേന്ദുപോൽ നൃപൻ. 2

അന്യോന്യമവരമ്പാർന്നു
രാജിച്ചു രാജധാനിയിൽ
ഏകസ്നേഹത്തിലെരിയും
ഭിന്നദീപങ്ങൾ പോലവേ. 3

അനുമോദിച്ചു ഭാഗ്യം ക-
ണ്ടാചാര്യരുമമാത്യരും
അതുലാനന്ദമുൾക്കൊണ്ടു
വാണു പൗരജനങ്ങളും. 4

Digitized By Kerala Sahitya Akademi

രാജധാനിയിലെ ക്ഷേമം
രാജ്യമെങ്ങും പരന്നിതു
തലച്ചിറയിലെത്തണ്ണീർ
താണോട്ടം വയൽതോറുമേ. 5

കാലത്തിൽ പെയ്തു മഴകൾ
കൃഷിഃയല്ലം നിലങ്ങളിൽ
കാലത്തിൽ വാച്ചു സസ്യങ്ങൾ
കാലത്തിൽ പൂത്തു കാടുകൾ. 6

വ്യാപിച്ചു നാട്ടിലൊരുപോൽ
വിദ്യയും വ്യവസായവും
വർദ്ധിച്ചു ധർമ്മവും ലോക–
ർക്കായുരാരോഗ്യസൌഖ്യവും. 7

പാടീ നൃപൻെറ ഭാഗ്യങ്ങൾ
നാട്ടിൽ ഗായകപുത്രിമാർ
പികശിഷ്യകൾ പാവങ്ങൾ
വേടത്തികൾ വനത്തിലും. 8

ക്രമേണ നൃപപുത്രർക്കു
കൌമാരം പോയ് മറഞ്ഞുടൻ
താരുണ്യശ്രീ കളിക്കുന്ന
പന്തലായ് തീർന്നു പൂവുടൽ. 9

ചുണ്ടും കടക്കണ്ണുകളും
ചുവന്നു രാമനേററവും
സ്കന്ധം തടിച്ചു വക്ഷസ്സു
വിരിഞ്ഞൂ നീണ്ടു കൈകളും. 10

Digitized By Kerala Sahitya Akademi

രാജിച്ചു രാമചന്ദ്രന്റെ
ഗണ്ഡം രോമാങ്കുരാഭയാൽ
പുത്തൻ കാർകൊണ്ടലാൽ നീല
നഭസ്സിൻ പാർശ്വമെന്നപോൽ 11

നിസ്തുല്യശോഭയാർന്നോര-
ക്കൊച്ചുനീലോല്പലാക്ഷിമാർ
നിറംകാച്ചിത്തിളങ്ങുന്ന
തങ്കപ്പാവകൾ പോലവേ. 12

രാഗമേലും യൌവനാർക്ക-
രശ്മിതട്ടിത്തിളങ്ങിനാൾ
താമരപ്പൂപോലെ സീത
സർവ്വാവയവമോഹിനി. 13

നാലുകെട്ടിലെഴുംതന്വി-
നിരയാം രത്നമാലയിൽ
നായകക്കല്ലു താനായി
സീത സൌന്ദര്യദേവത. 14

അവൾ നില്ക്കുന്നപോൽ നില്ക്കു-
മവളെപ്പോൽ നടന്നിടും
അവൾപോൽ ഭൂഷയണിയു-
മയോദ്ധ്യയിൽ നതാംഗിമാർ. 15

മത്സരിച്ചെന്നു തോന്നീട്ട-
മോക്കിൽ മൈഥിലിയിൽ സ്വയം
രൂപമാധുര്യമൊട്ടതാൻ
ശീലമാധുര്യമെന്നുമേ. 16

Digitized By Kerala Sahitya Akademi

ശ്രേയാനിൽ പ്രീതി വൎദ്ധിച്ചു
ഭക്തിയേറീ ഗുരുക്കളിൽ
വാച്ചു ബന്ധുക്കളിൽ സ്നേഹം
ഭൃത്യരിൽ കൃപതാനുമേ. 17

ബുദ്ധിപാരം പ്രകാശിച്ചു
ധൎമ്മത്തിൽ ശ്രദ്ധ കേമമായ്
കാലൂന്നീ നിഷ്ഠ കൃത്യത്തിൽ
ജാനകിക്കു ദിനംപ്രതി. 18

രൂപവും ഗുണവും കണ്ടു
രാമൻ സീതൈകചിത്തനായ്
സീതയ്ക്കു രാഘവൻ നിത്യം
സാക്ഷാൽ പ്രാണനുമായിതേ. 19

പരിഹാസങ്ങളിൽപോലും
പൊളിയോതില്ല രാഘവൻ
കളിയായും കാലുവഴ്ക്കീ-
ലപഥത്തിൽ മഹാനവൻ. 20

വിജ്ഞാനനിധിയാം രാമൻ
വിനയംകൊണ്ടു മൂകനായ്
വിശേഷകവീരനെന്നാലും
വമ്പോതാതതി ശാന്തനായ്. 21

സമൃദ്ധിയൊന്നും രാമന്നു
തെല്ലും ഗർവ്വേകിയില്ലതാൻ
പൂൎണ്ണകുംഭം തുളുമ്പില്ല
മേന്മേലാ ഭാഗ്യശാലിയും 22

Digitized By Kerala Sahitya Akademi

ശോഭിച്ചു തുല്യഗുണരാ-
യനുജന്മാരുമങ്ങനെ
ശ്രീയുക്തരായ് സുഖം വാണു
നാലുസൌധത്തിൽ നാൽവരും. 23

സ്നേഹവൃത്തികളാൽ മേന്മേൽ
സക്തൻ രാമനു ലക്ഷ്മണൻ
പാർശ്വദ്രുമത്തിൽ പിണയും
പേരാൽപോലെയഭേദ്യനായ്. 24

ഉത്സാഹയുക്തരായ് തമ്മിൽ
സ്നിഗ്ദ്ധരാമന്നൃപാത്മജർ
ഓരോരോ രാജ്യകൃത്യത്തിൽ
സഹായിച്ചു പിതാവിനെ. 25

നന്മകൾക്കുള്ള തികവും
കൃത്യനൈപുണ്യധാടിയും
നയവൈദഗ്ദ്ധ്യവും കണ്ടു
മന്ത്രിമാർ വാഴ്ത്തി രാമനെ. 26

ദണ്ഡിക്കിലും ദണ്ഡ്യരോടുൾ-
ദ്വേഷമാർന്നീല ധാർമ്മികൻ
ദണ്ഡിതന്മാർക്കുമവ്വണ്ണം
രാമൻ സമ്മതനായിതാൻ. 27

വാത്സല്യമാശ്രിതന്മാരിൽ
ശൌര്യം സ്വീകൃതരക്ഷയിൽ
സമാദരം സജ്ജനത്തിൽ
ദുർജ്ജനത്തിലനാദരം. 28

Digitized By Kerala Sahitya Akademi

മൂത്തൻ മിന്നീ രാമന്നീ-
മൂന്നുനാലു മഹാഗുണം
മഹാർഘമാം ഖനിക്കുള്ളിൽ
മുഖ്യരത്നങ്ങൾ പോലവേ. 29

എന്നോടാണധികം പ്രീതി-
യെന്നോടാണെന്നു രാമനിൽ
എപ്പോഴും തോന്നിടും സ്നേഹ-
മിടപെട്ടോരിലാക്കമേ. 30

കണ്ടീയനന്യസുലഭ-
ഗുണശ്രേണി കുമാരനിൽ
കണക്കെന്യേ ദശരഥൻ
മോദിച്ചു പുത്രവത്സലൻ. 31

പന്തിരാണ്ടിങ്ങനെയഹോ
കാലം ഭാഗ്യമനോഹരം
പരമാനന്ദമായ് പോയി-
തേതാനും ദിവസങ്ങൾ പോൽ. 32

അക്കാലം ശ്രീഭരതനെ-
ക്കുറാൽ കേകയമന്നവൻ
ക്ഷണിച്ചു നിജരാജ്യത്തിൽ
സൽക്കരിപ്പാൻ സ്വമാതുലൻ. 33

താതാനുജ്ഞയുടൻവാങ്ങി
സൈ്വരം സപരിവാരനായ്
ശത്രുഘ്നനൊത്തുപോയങ്ങു
വാണാൻ കൌതുകമോടവൻ. 34

Digitized By Kerala Sahitya Akademi

മഹാരാജാ ദശരഥ-
നോർത്താനന്ദ വയോധികൻ
മകന്ന മകുടം ചൂടി-
ക്കേവലം വിശ്രമിക്കുവാൻ. 35

പ്രായമായ കുമാരന്മാർ
ഭാരംവച്ച്ച കുടുംബികൾ
വിശ്രമിപ്പു വയസ്സായാൽ
വിശേഷിച്ചും രഘൂത്തമർ. 36

അമ്മാമൂല്യം രാമനിൽ തൻ
പ്രീതിവായ്പും നിനച്ചുടൻ
ശ്ലാഘിച്ചിതന്നൃപമതം
ഗുരുവും മന്ത്രിമുഖ്യരും. 37

പിന്നെ പ്രജകളെക്കാര്യം
ബോധിപ്പാൻ സ്പഷ്ടമോതിനാൻ
പൌരജാനപദന്മാർതൻ
മഹാസഭയിൽ മന്നവൻ. 38

"പ്രിയപ്രജകളേ രാജ്യം
നിങ്ങൾക്കായിബ്ഭരിച്ചുഞാൻ
ചിരകാലം ശ്രദ്ധയോടു-
മിപ്പോൾ വാർദ്ധക്യമായിതേ. 39

ആയുശ്ശേഷം നയിക്കേണ-
മിനിയദ്ധ്യാത്മചിന്തയാൽ
കൂടാതെ കഴിയാമൃത്യു
മാറിനില്ക്കാ നൃപാജ്ഞയാൽ. 40

Digitized By Kerala Sahitya Akademi

മജ്ജ്യേഷ്ഠതനയൻ രാമ-
ചന്ദ്രൻ ലോകമനോഹരൻ
പ്രിയൻ നിങ്ങൾക്കു വിനയി
വിദ്വാൻ വിദിതവിക്രമൻ. 41

മന്നു തൊട്ടമഹാന്മാരെ-
ത്തുടർന്നെൻമസ്തകത്തിലായ്
മിന്നും ഭാരമണിഞ്ഞെന്നെ
മോചിപ്പിക്കട്ടെയിന്നവൻ. 42

ഇതെൻെറകാംക്ഷിതം നിങ്ങ-
ളെന്തുചൊല്ലുന്നു ചൊല്ലുവിൻ"
പ്രജാഹിതച്ചരടിലെ-
പ്പാവയല്ലോ നരാധിപൻ. 43

പൌരമുഖ്യന്മാരിലൊരാ-
ളെഴുന്നേററുടനോതിനാൻ
പിന്നെയുള്ളോർ സംജ്ഞകളാൽ
സാമോദം സംവദിക്കവെ. 44

"കല്പിച്ചനിശ്ചയത്തിൻെറ
ഗുണദോഷങ്ങളോർക്കുകിൽ
അടിയങ്ങൾ കുഴങ്ങുന്നു
മോദഖേദങ്ങളാൽ വിഭോ. 45

സ്വയം ജനത രാജാവായ്
വരിക്കേണ്ടും ഗുണാകരൻ
രാമചന്ദ്രൻ സ്വരാജാവായ്
വന്നാലാക്കിഷ്ടമാസ്സരാ. 46

Digitized By Kerala Sahitya Akademi

എന്നാൽ സങ്കടമിത്തുമൊക്കെ–
ച്ചെങ്കോൽ കൈവിട്ട കാണ്മതും
പിന്നെത്തിരുവുള്ളംപോലെ–
യെല്ലാം സ്വാസ്ഥി മഹാപ്രഭോ.” 47

പുരോഹിതൻ പാർത്ഥിവൻെറ
ഭാവം കണ്ടുടനോതിനാൻ:–
“പൂയം നാളെ മഹാകേമം
മുഹൂർത്തം മുടി ചൂടുവാൻ.” 48

“എന്നാൽ നന്നുടനേതന്നെ
കൂട്ടാം വട്ടമുപേക്ഷിയാ
ശുഭാർത്ഥി പുണ്യകാലത്തെ–
പ്പൂജ്യാതിഥിയെ യെന്നപോൽ.” 49

എന്നു കല്പിച്ചു നൃപതി
മന്ത്രിയാകും സുമന്ത്രരെ
ത്വരിപ്പിച്ചാൻ, രാമനോടു
വാർത്ത ചൊല്ലാനുമോതിനാൻ. 50

പിന്നെയാചാരോപചാര–
വിധിയെല്ലാം കഴിഞ്ഞവർ
പിരിഞ്ഞാരുടനുത്സാഹ–
സംഫുല്ലവദനാംബുജർ. 51

അറിഞ്ഞു രാഘവൻ കാര്യം
കേട്ടു സീത അനന്തരം
കൌസല്യ കേട്ടു കൈകേയി
കേട്ടു, കേട്ടു സുമിത്രയും 52

Digitized By Kerala Sahitya Akademi

വിളംബരമുടൻതന്നെ
പരന്നു നാട്ടിലെങ്ങുമേ
വിസ്മയിച്ചു ഹർഷമാർന്നു
തുള്ളിയാർത്തു ജനാവലി. 53

പരിഷ്കരിച്ചു നഗരം
പുതുക്കി രാജപാതകൾ
അലങ്കരിച്ചു പൂങ്കാവു-
മന്നുതാനധികാരികൾ. 54

വിളങ്ങി വെൺകളികളാൽ
വീഥിയിൽ സൌധരാജികൾ
പാലാഴിയിൽ കൊടുങ്കാററിൽ
പൊങ്ങുമൂർമ്മികൾപോലവേ. 55

പാറീയവയ്ക്കുമേൽ സന്ധ്യാ-
മേഘംപോലെ പതാകകൾ
മഴവില്ലിൻ നിരകൾപോൽ
തൂങ്ങീ തോരണമാലകൾ. 56

പൊങ്ങീ കൂടാരനിരകൾ
സരയൂപുളിനങ്ങളിൽ
അടുത്തു വെൺമുകിലുപോൽ
ദൂരെയന്നങ്ങൾപോലെയും. 57

ചിത്രാംബരംപൂണ്ടു മിന്നി
പട്ടാളം പാളയങ്ങളിൽ
ചെന്താമരപ്പൊയ്കകളിൽ
ഫുല്ലപുഷ്പങ്ങൾ പോലവേ. 58

Digitized By Kerala Sahitya Akademi

കേൾക്കമാററായങ്ങുനിന്നു
കാഹളങ്ങളിടയ്ക്കിടെ
കർണ്ണകൌതൂഹലം കൂട്ടും
ഹംസധ്വനികളെന്നപോൽ. 59

പരന്നുകാണായങ്ങങ്ങു
കുതിരപ്പടയാളികൾ
പ്രഭാതവായുവിൽ ചിന്നി-
പ്പാറും പൂമുകിൽമാലപോൽ. 60

പൊൻനൂൽ വിരിപ്പിട്ടുനിന്നി-
തണിയായ് കുലയാനകൾ
ചാരുബാലാതപം പൂണ്ട
ശൈലശൃംഗങ്ങൾ മാതിരി. 61

മുഴങ്ങീ മാറെറാലിയൊട്ടും
ഗോപുരങ്ങളിൽ നിന്നുടൻ
ഭേരീ പടഹനാദങ്ങ-
ളകാലസ്തനിതങ്ങൾപോൽ. 62

ചിത്രവസ്ത്രമണിഞ്ഞുള്ള
നാവികന്മാർ വലിച്ചുടൻ
വന്നു വിവിധവർണ്ണത്തിൽ
പ്രഭുക്കളുടെ തോണികൾ. 63

കൊടികുത്തിപ്പാടിയെത്തും
നൌകയെല്ലാമണിഞ്ഞിതു
സംഭിന്നവീചീഹസ്തത്താൽ
പൂമാല സരയൂനദി. 64

Digitized By Kerala Sahitya Akademi

പുതുവെഞ്ചാമരംപൂണ്ടു
കോപ്പണിഞ്ഞുള്ള വാജികൾ
വലിച്ചു പൊടിപാറിച്ചു
വന്നു പുഷ്യരഥങ്ങളും. 65

നാനാശില്പങ്ങളാൽ നേത്ര-
രമ്യമാം പൂമുഖത്തോടും
നെടുംപുരകൾ ശോഭിച്ചു
സഭാസത്മാങ്കണങ്ങളിൽ. 66

പട്ടുമെത്തകളും ചിത്ര-
വിരിപ്പും പൂണ്ടു ഭംഗിയിൽ
പീഠം നിരന്നുകാണായി
പലക്കായ് പലമാതിരി. 67

ഉള്ളിലായുന്നതം സ്വർണ്ണ-
സിംഹാസനമവയ്ക്കുമേൽ
നായകം പോലെ വിലസി
നടുവേ രത്നഭാസുരം. 68

കുശപ്പുല്ലും ചമതയും
നെയ്പാൽ തേൻതൊട്ട ഹവ്യവും
ക്രൂടീവിശേഷവിധിയാ-
യടുത്തോരഗ്നിശാലയിൽ. 69

അഭിഷേകാർത്ഥമാം തീർത്ഥ-
ജലം പൊൻകലശങ്ങളിൽ
നിരന്നുമിന്നീ ചെന്തെങ്ങി-
ന്നിളനീർനിര പോലവെ. 70

Digitized By Kerala Sahitya Akademi

നൃപാജ്ഞ മന്ത്രിതൻബുദ്ധി
വസിഷ്ഠൻെറ വിധിജ്ഞത
ഇവയ്ക്കൊത്തായി സംഭാര-
മെല്ലാമെന്നോതിയാൽമതി. 71

രാമാഭിഷേകംപിറേറന്നാൾ
രാവിലെ കണ്ടുകൊള്ളുവാൻ
നാട്ടമ്പുറത്തുകാർ വന്നു
തിക്കീ നഗരമാകവേ. 72

ഉൾനാട്ടിലെബ്ബന്ധുമിത്ര-
ജനത്തെസ്സൽക്കരിക്കുവാൻ
ഉത്സാഹിക്കും ഗൃഹിണിമാ-
രുറങ്ങീലന്നു രാത്രിയിൽ. 73

പാകഗന്ധങ്ങളും തീയും
പുകയും ജനശബ്ദവും
പകലേക്കാളേറി രാവി-
ലടുക്കളകൾ തോറുമേ. 74

ആൾത്തിരക്കും വില്പനയു-
മുത്സവങ്ങളുമാകയാൽ
അങ്ങാടിയിലടച്ചീലാ
രാവിൽ പീടികയാരുമേ. 75

രസജ്ഞപാന്ഥരെഗ്ഗീത-
രാഗംകൊണ്ടു വിളിച്ചഹോ
വിനോദിപ്പിച്ചു തെരുവിൽ
നിശാനാടകശാലകൾ. 76

Digitized By Kerala Sahitya Akademi

മോടിയാർന്നംബരപ്പന്തൽ-
നടുവേ രത്നദീപമായ്
മൂർത്തമാമുത്സവം പോലെ
വിലസീ ചന്ദ്രബിംബവും. 77

കിരീടം പൂണ്ടവേഷത്തിൽ
സീതയോടൊത്ത രാമനെ
കാണ്മാൻ വൈകിശ്ശപിച്ചാര-
ക്കാമ്യരാത്രിയെയും ജനം. 78

താരാവലിയെ മങ്ങിക്കും
ദീപ്തി ചന്ദ്രൻ ചൊരിക്കിലും
തെളിഞ്ഞുകാണുമാറായി
നെഞ്ചിൽ തന്നെ കളങ്കവും. 79

അത്തിരക്കിൽ കേകയത്തിൽ
നിന്നയോദ്ധ്യയിലെത്തിനാൾ
കൈകേയിതൻ വളർത്തമ്മ
കൂനി മന്ഥരയെന്നവൾ. 80

കൊമ്പിലുംകൂർത്ത കൌടില്യം
കൊണ്ടായെരുമചെന്നുടൻ
കലക്കിനാൾ തെളിഞ്ഞോരു
കൈകേയീമനമാം കുളം. 81

ഭരതൻ നാട്ടിലില്ലാത്ത
കാലത്തീയഭിഷേചനം
കൌസല്യതൻ കുസൃതിയെ-
ന്നർത്ഥാപിച്ചു സപത്നിയാൾ. 82

Digitized By Kerala Sahitya Akademi

പെണ്ണുങ്ങൾക്കീവിധം തമ്മിൽ
പതിവാണീഷ്യയെന്നുമേ
പിന്നെ യേഷണിയും ചേൎന്നാൽ
പറയേണ്ടാ വിപത്തുതാൻ. 83

പൂന്നിലാവൊത്ത ചിരിയും ,
പൊൻമങ്ങും കായകാന്തിയും
കരിയാം സൎവ്വഗുണവ-
മുള്ളിൽകത്തു മസൂയയാൽ. 84

രാജ്ഞിമാർ മൂവരിൽ സൎവ്വ-
രമ്യ കൈകേയിയാണപ്പോൾ
മന്ഥരാഭൃത്യമവളെ-
ബ്ബീഭത്സതമയാക്കിതാൻ. 85

“ആപ്പൂരിപ്പോയതേർവണ്ടി
തട്ടത്തുതുണചെയ്തനാൾ
ഏറ്റൊരിഷ്ടവരം രണ്ടു-
മിപ്പോൾചോദിച്ചുകൊള്ളണം. 86

രാജ്യം ഭരതനാക്കേണം
രാമനെക്കാട്ടകേററണം
രാജാവിനെപ്പട്ടിലാക്കി
അഭിഷേകം മുടക്കണം ” 87

എന്നോതിയും ശഠിച്ചും പി-
ന്നൂഹാപോഹങ്ങൾ നീട്ടിയും
കൈകേയിയാം കോമരത്തെ-
ക്കീഴടക്കി പിശാചവൾ. 88



Digitized By Kerala Sahitya Akademi

ഉത്സവോൽസുക കൈകേയി
യെന്നോർത്തന്നതിതുഷ്ടനായ്
തദ്ഗേഹമെത്തിനാൻ രാവിൽ
രാജാ പള്ളിക്കുറിപ്പിനായ്. 89

"എന്നുണ്ണി രാമചന്ദ്രന്നു
ഞാൻ കൗസല്യയിലും പ്രിയ:"
എന്നോതിവാണൊരവളെ-
യന്യഥാ നൃപനോക്കുമോ. 90

കണ്ടില്ല പള്ളിയറയിൽ
കൈകേയിയെയകത്തഹോ!
പള്ളിമെത്ത വിരിച്ചില്ല
കത്തിച്ചിട്ടില്ല ദീപവും. 91

അങ്ങുകണ്ടോരന്ധകാര-
മകക്കാമ്പിൽ പകന്നപോൽ
അന്ധനായ് വിസ്മയിച്ചേറെ
ദുഃഖിച്ചവശനായ് നൃപൻ. 92

പ്രിയയെങ്ങെന്നു ചോദിച്ചാ-
നടുത്തുള്ളൊരുകോണിലായ്
കിടന്നു കരയുന്നെന്നു
ചൊന്നാളങ്ങൊരുതോഴിയാൾ. 93

പാഞ്ഞങ്ങമ്പിൽ ചെന്നെടുത്താൻ
കേശപക്ഷംവിതൃത്തുടൻ
നിലത്തടിഞ്ഞു കേഴുന്ന
കാന്തയാം കിളിയേ നൃപൻ. 94

Digitized By Kerala Sahitya Akademi

"കാന്തേ! കഷ്ടം! കഷ്ടമെന്തീ
ദുഃഖം? കേഴായ്ക ചൊൽക നീ
നിന്നിഷ്ടമേതും ചെയ്യാൻ ഞാ-
നെന്തിപ്പോൾ ചെയ്യണം പ്രിയേ!" 95

എന്നോതും നൃപനോടയ്യോ
ചോദിച്ചാളാവരദ്വയം
പാലൂട്ടുന്ന കരാഗ്രത്തിൽ
കടിക്കും പാമ്പുപോലവൾ. 96

ചീറിഗ്ഗൂറിച്ചേററുനില്ക്കു-
മവൾമുമ്പിലഹോ നൃപൻ!
ശരണംവിട്ടു മോഹിച്ചു
വീണാൻ സത്യപരായണൻ. 97

പറഞ്ഞപടി ചെയ്യുന്ന
ശീലംതാൻ സത്യസന്ധത
പ്രാണനെപ്പുല്ലുപോൽ തള്ളും
പാലിക്കും വാക്കു ധാൎമ്മികൻ. 98

പടത്തലയിലത്യന്ത-
ധീരൻ ശത്രുഭയാനകൻ
പേടിക്കുന്നു ദശരഥൻ
സത്യത്തേ! — സത്യമീശ്വരൻ. 99

തളത്തിൽ വീണ ഭർത്താവിൽ
കൈകേയിയലിയാതഹോ!
തച്ചാപലത്തെബ്ഭത്സിച്ചാൾ
കഷ്ടം! സ്ത്രീതന്നെയോയിവൾ. 100

Digitized By Kerala Sahitya Akademi

പിടിച്ചപിടി വിട്ടീടാ
മുമ്പോ പിമ്പോ നിനച്ചിടാ
ചെവികേളാ ശഠജനം
പിണമോ പേക്കരങ്ങതോ! 101

മന്നനെത്താങ്ങി മഞ്ചത്തിൽ
കിടത്തീ പരിചാരകർ
കൈകേയി കാലിപോൽനിന്നു
ശയിച്ചു ശവമായ് നൃപൻ. 102

വെളുപ്പാറായി സമയ-
മെന്തോതേണ്ടതയോദ്ധ്യയിൽ
ഉത്സവശ്രീക്കിതാ! താലി-
യററു കെട്ടിയപന്തലിൽ! 103

മുഖംകാണ്മാൻ മുമ്പു വന്ന
സുമന്ത്രർ കഥ കേട്ടുപോയ്
രാമനോടോതി യുഴറി
രാഘവൻ വന്നു രാവിലെ. 104

"ഉണ്ണിയച്ഛനുണർന്നീല
ശയിക്കുന്നു വിസംജ്ഞനായ്
കഴിച്ചു രാത്രി മുഴുവൻ
നിന്നെച്ചൊല്ലിക്കരഞ്ഞുതാൻ." 105

എന്നോതിനിന്ന കൈകേയി
തന്നെക്കമ്പിട്ടു രാഘവൻ
കടന്നുപോയ് താതപാദം
തൊട്ടുവീണു വണങ്ങിനാൻ. 106

Digitized By Kerala Sahitya Akademi

പുത്രസ്പർശനസാഭിജ്ഞ-
മുണർന്നു പാർത്ഥിവേന്ദ്രിയം
പ്രോക്ഷിച്ച ജലമേററൊരു
പിച്ചിമൊട്ടെന്നപോലുടൻ. 107

കൺതുറന്നു നൃപനഗ്രേ
കാക്കൽ നില്ക്കും കുമാരനെ
കണ്ടു വലഞ്ഞു വാവിട്ടു
കരഞ്ഞു കഷ്ടമാർത്തനായ്. 108

"ആയാസമാർന്നിടായ്കയ്യോ!
കേഴായ്ക കരുണാനിധേ!
സമാശ്വസിക്ക! യടിയ-
നറിഞ്ഞു സത്യമാകവേ! 109

ഇളയമ്മ ശഠിക്കുന്ന-
തോർത്തുഖേദിച്ചിടാതെ നാം
ഏററകൃത്യം നടത്തേണ-
മേതുവന്നാലുമിന്നിനി. 110

ആയുധാർജ്ജിതമാം രാജ്യ-
മനിത്യം പാർക്കിലെന്നുമേ
യശോധനന്മാരാണല്ലോ
താത! നമ്മുടെ പൂർവ്വികർ. 111

രാജ്യത്തെ, പുത്രനെ, ഭാര്യ
തന്നെയെന്നല്ല തന്നെയും
കൈവിട്ടുമവർ കാത്തോരു-
ദ്രായം നമ്മൾക്കു ശാശ്വതം. 112

Digitized By Kerala Sahitya Akademi

ആയതോർത്താൽ പതിന്നാലു
കൊല്ലം പോയ് കാട്ടിൽവാഴവാൻ
ആയാസമിവനില്ലല്ലാ
ഭരതൻ രാജ്യമേല്ക്കുകിൽ. 113

എന്നല്ലഹോ പിതൃസ്നേഹം
കാട്ടി വിഖ്യാതി നേടുവാൻ
ഈവന്ന ദൈവയോഗത്തെ-
യുപേക്ഷിക്കയുമില്ലിവൻ." 114

നന്ദനൻ ചൊല്ലുമീവാക്യം
നൃപനാശപാസമേകിതാൻ
സുഖമൃത്യുവിനായ് നൽകും
സിദ്ധഭേഷജമെന്നപോൽ. 115

പിന്നെബ്ഭൃശാർത്തനായ് കെട്ടി-
ക്കേഴും നൃപനെ വിട്ടഹോ
പോയാനൊരുവിധം രാമൻ
വനയാത്രയ്ക്കൊരുങ്ങുവാൻ. 116

വീണ്ടുമത്തഃഖിക്കിലും വീത-
ദയയാം കേകയാത്മജ
നൃപനസഹ്യയായ് തോന്നി
ചിതാഗ്നിജ്വാലപോലവേ. 117

തൽക്ഷണംതന്നെ കൌസല്യാ-
സദനം പൂകുവാൻ സ്വയം
ത്വരിക്കും നൃപനെത്തണ്ടി-
ലേററിയങ്ങാക്കി മന്ത്രിമാർ. 118

Digitized By Kerala Sahitya Akademi

കാട്ടിൽ പോകുന്ന തനയൻ
പരലോകോന്മുഖൻ പ്രിയൻ
കഷ്ടം കുഴങ്ങി കൌസല്യ
സപത്നീ പരിഭൂതിയാൽ. 119

സശ്രദ്ധം രാമമാതാവാ-
ലങ്ങു രക്ഷിതനാം നൃപൻ
സഹിച്ചു തൽപ്രലപിതം
സ്നേഹദ്വേഷകഷായിതം. 120

മടങ്ങിസ്സദനം പുക്ക
രാമന്റെ മുഖപങ്കജം
മംഗല്യവേഷോൽസുകയാം
സീതയെക്കണ്ടു മങ്ങിതാൻ. 121

മനുഷ്യനൊന്നോർത്തിരിക്കും
മറെറാന്നാവനുവന്നിട്ടും
"മതി സീതേയലങ്കാര-
മഭിഷേകം നടന്നിടാ." 122

മെല്ലെന്നിതോത്തും പൊളിചൊ-
ല്ലാത്ത കാന്തന്റെ മുമ്പിലായ്
മിഴിച്ചുനിന്നുപോയ് സീത
പണിതീരാത്ത പാവപോൽ. 123

തലോടിയെല്ലാം കേൾപ്പിച്ചു
രാഘവൻ പിന്നെ ജാനകി
സ്ത്രീസ്വഭാവത്തിനാൽ വാടി
വീണ്ടും ധീരത നേടിനാൾ 124

Digitized By Kerala Sahitya Akademi

താതമാതാക്കളൊത്തങ്ങു
തങ്ങാൻ തൻ കാന്തനോതവേ
തക്കിച്ചാളനയാത്രയ്ക്കു-
മുമ്പേയവളിറങ്ങിനാൾ. 125

"വില്ലൊടിച്ചെന്നെ വേട്ടോരു
കയ്യിൽ തലയണച്ചു ഞാൻ
വിശ്രമിച്ചു ഭയം വിട്ടു
വൻകാട്ടിലുമുറങ്ങുവാൻ. 126

എന്നെക്കൂടാതെ പോകൊല്ല
പോകൊല്ല കരുണാനിധേ!
എന്നാളെന്നല്ലശ്രു തൂവി-
ച്ചൊന്നാൾ സീത പതിവ്രത." 127

അതുകണ്ടലിവാൽ കണ്ണീ-
രറിയാതാന്റ രാഘവൻ
"എന്നാൽ പ്രിയേ! പോരികെ"ന്നും
ചൊന്നാൻ ഗദ്ഗതമാന്റടൻ. 128

നൊടിയിൽ പാഞ്ഞുവന്നെത്തി
ധൃഷ്ടനായങ്ങു ലക്ഷ്മണൻ
മഴത്തുറവും മിന്നലൊത്ത
മേഘത്തിൻ മുമ്പുകാററുപോൽ. 129

"കഷ്ടം! മാധ്യനപാത്രത്തിൽ
മാറ്റവും കാട്ടിടുന്നതാൻ
കൊടുക്കകില്ല ഞാൻ രാജ്യം
ദുർജ്ജനത്തിന്റെറ കൃത്തിനായ്. 130

Digitized By Kerala Sahitya Akademi

കൈകേയീവിജിതൻ താതൻ
വൃദ്ധൻ വികലമാനസൻ
കരഞ്ഞാലും ചിരിച്ചാലും
കാര്യമേ കാര്യമായ്‌വരും 131

പുരം നിലവിളിക്കുന്നു
ഭർത്സിക്കുന്നു വിവേകികൾ
ക്ഷത്രിയോചിതമല്ലാര്യൻ
ചെയ്‌വതെന്നായിവീരരും. 132

പാടില്ല പോകുവാൻ ജ്യേഷ്ഠാ
പരിപന്ഥിഭയാനകൻ
സൌമിത്രി ശസ്ത്രമേന്തുന്നു
ഭൂലോകപതിയങ്ങു താൻ. 133

കത്തുന്ന കോപമഹിത-
വഹ്നിത്തെബ്ഭസ്മമാക്കുവാൻ
സരയൂജലപൂരത്തിൽ
കലക്കുവനയോദ്ധ്യയെ." 134

ചൊടിച്ചിതോത്തമനുജൻ-
തന്നെയമ്പാർന്നു നോക്കിയും
അസമ്മതസ്മിതംകൊണ്ടു
തർജ്ജിച്ചും രാമനോതിനാൻ: 135

"പൌരുഷം ദുർബ്ബലന്മാരിൽ
കാട്ടും വമ്പല്ല ലക്ഷ്മണ!
കൊതിയാൽ മുറയോരാത്ത
ബുദ്ധിയല്ല വിവേകവും. 136

Digitized By Kerala Sahitya Akademi

സത്യവാൻ സ്വന്ത കൃത്യത്തിൽ
ന്യായാന്യായങ്ങൾ ചിന്തിയാ
തന്നിഷ്ടംനേടുവാൻ ശസ്ത്ര-
മേന്താ ക്ഷത്രിയധാർമ്മികൻ. 137

സ്വന്തചിത്തം കീഴടക്കാൻ
സാമർത്ഥ്യമിയലാത്തവൻ
സർവ്വരാജ്യം ജയിച്ചാലും
സൌമിത്രേ! മെച്ചമില്ലതിൽ. 138

പോകുന്നു ഞാൻ വനത്തിന്നു
സീത പോരുന്നു കൂടവേ
നീയേയിങ്ങുള്ളൂ താങ്ങുന്നു
ഭരതൻ വരുവോളവും." 139

എന്നോതി നടകൊള്ളുന്ന
പൂർവ്വജന്റെ പദങ്ങളിൽ
ഇടിഞ്ഞ ഗോപുരം പോലെ-
യുദ്ധാതൻ വീണു ലക്ഷ്മണൻ. 140

"ജ്യേഷ്ഠൻ വെടിഞ്ഞ പുരിയിൽ
ജീവിപ്പാൻ ശക്തനല്ലിവൻ
ഭൃത്യനായ് പോരുവൻകൂടി
യല്ലെന്നാകിൽ മരിക്കുവൻ." 141

എന്നു നിർബന്ധമോതുന്ന
തമ്പിയെത്താങ്ങി രാഘവൻ
എഴനേല്പിച്ചാശ്വസിപ്പി-
ച്ചനുജ്ഞയരുളീടിനാൻ. 142

Digitized By Kerala Sahitya Akademi

പിന്നെ മൂവരുമൊന്നിച്ചു
പോയുടൻ വിടവാങ്ങുവാൻ
കൌസല്യാസദനം പുക്കു
പിതൃപാദം വണങ്ങിനാർ. 143

ഗുരുക്കളും മന്ത്രിമാരു-
മുററബന്ധുക്കളും സ്വയം
കൂടിനാരങ്ങു വിരവിൽ
വന്നാൾ കൈകേയിതാനുമേ. 144

നിശ്ചേഷ്ടമാമസ്സഭയിൽ
ചേഷ്ടിച്ചിതവളേകതാൻ
ഇന്ദ്രിയങ്ങളുറങ്ങുന്ന
തലയിൽ പേക്കിനാവുപോൽ. 145

വനവാസത്തിന്നുതകും
വേഷോപകരണാദികൾ
വരുത്തിയേകി രാമനു
വിടമ്പിവളേകിനാൾ. 146

എന്നല്ല പട്ടു പററില്ല
കാട്ടിലെന്നായുടുക്കുവാൻ
സീതയ്ക്കും രാമനും രണ്ടു-
മരത്തോലവൾ നീട്ടിനാൾ. 147

"അനാര്യേ! കേകയകുല-
ത്തിന്റെ പാപാവതാരമേ!
മതി ധാർഷ്ട്യം; ജാനകി നി-
ന്നാജ്ഞകേൾക്കേണ്ട നിർദ്ദയേ!" 148

Digitized By Kerala Sahitya Akademi

എന്നുകോപാഗ്രനായോതി
വസിഷ്ഠൻ സഭ ഞെട്ടവേ
സർവ്വാഭരണയായ് തന്നെ
പോവാൻ കല്പിച്ചു സീതയെ. 149

വേഷം പകർന്നുടൻതന്നെ
വനയാത്രയ്ക്കു രാഘവൻ
ഖനിത്രവും കുട്ടകളും
വില്ലും തൂണിയുമേന്തിനാർ. 150

കഷ്ടം! രാജകുമാരന്മാ-
രവരങ്ങനെ നില്ക്കവേ
കണ്ടോർ കണ്ണീർ പൊഴിക്കാതി-
ല്ലാരും കൈകേയിയെന്നിയേ. 151

വാവിട്ടു കേണു തനയ-
ന്മാരെയും വധുതന്നെയും
വീക്ഷിച്ചു ശയ്യമേൽ വീണ്ടും
വീണു മൂർച്ഛിതനായ് നൃപൻ. 152

കെട്ടിപ്പുണർന്നാൾ കൌസല്യ
വധുവോടും കുമാരരെ
കരഞ്ഞാൾ വിടനൽകീട്ടു
വീണ്ടും കേണവളോതിനാൾ: 153

"വനം വിപത്തിൻനിലയം
കാലമീരെഴു വത്സരം
സ്ത്രീയുക്തർ നിങ്ങൾപോകുന്നു
ഹാ! ദൈവം തുണ മക്കളേ!" 154

Digitized By Kerala Sahitya Akademi

കാൽ കുമ്പിട്ടീട്ടുമവരെ-
ക്കണ്ണീർ വാർത്തു സുമിത്രയും
അനുഗ്രഹിച്ചാൾ സൌമിത്രി-
യോടായ് പ്രത്യേകമോതിനാൾ: 155

“അണ്ണൻ താനണ്ണിയച്ഛൻതാ-
നാര്യന്മാർക്കവരൊന്നുകേൾ
അധർമ്മമോർത്തു നീ പോക
ധർമ്മം നിൻ തലകാക്കുമേ!” 156

നടന്നു രാഘവൻ തമ്പി-
യോടും വൈദേഹിയോടുമായ്
നടയിൽ തേരുമായ് വന്നു
കേണുനിന്നു സുമന്ത്രരും. 157

“രഥത്തിലെഴുന്നെള്ളേണം
തിരുമേനികളാവിധം
രാജാജ്ഞ”യെന്നായാമന്ത്രി-
യവർ തേരിൽ കരേറിനാർ. 158

കൂടീ കൊട്ടാരവാതുക്കൽ
കണ്ണീർ വാർത്തു ജനാവലി
തിരിച്ചു തേർ ധൈര്യമാർന്നു
നിന്നോർക്കൂടിക്കരഞ്ഞുപോയ്. 159

കേൾക്കുമാറായ് മാളികകൾ
മേൽനിന്നുമതുപോലവേ
കീഴിലും ചുററിലും നിന്നും
കൂട്ടമായ് പരിദേവനം. 160

Digitized By Kerala Sahitya Akademi

അണഞ്ഞൂ തേർ ധൂമശൂന്യ-
മാം മഹാനസമാന്നതായ്
നിശ്ശബ്ദമാം ചന്ദ്രശാല-
യാന്ന രാമഗൃഹാന്തികം. 161

ഉയന്നെഴും മേടകളും
മച്ചും കേളീഗൃഹങ്ങളും
ഉത്സവങ്ങൾ കഴിഞ്ഞുള്ള
പന്തൽപോൽ മങ്ങിടുന്നതും 162

അടിച്ചു കോലമണിയാ-
തുള്ള ചത്വരസീമയിൽ
വൃക്ഷങ്ങളും ചെടികളും
വാടിപ്പത്രം പൊഴിപ്പതും 163

വാത്സല്യമാന്ന ജന്തുക്കൾ
വീർപ്പിട്ടു കരയുന്നതും
വന്നുകൂടിപ്പരിജനം
വാതുക്കൽ കേണു നില്പതും 164

കണ്ടങ്ങു രാമമഹിഷി-
ക്കുടൻ മിഴിനിറഞ്ഞഹോ!
ഞെരുങ്ങി നീണ്ടാരിമകൾ
കവിഞ്ഞൊഴുകി കണ്ണുനീർ. 165

നടത്തി ശീഘ്രമുടനേ
രഥമാമന്ത്രിപുംഗവൻ
നെടുവീർപ്പുകളാൽ യാത്ര-
യോതീവീട്ടിന്നു ജാനകി. 166

Digitized By Kerala Sahitya Akademi

തെരുവിൽ സ്ത്രീജനം തിങ്ങി
നിന്നു കണ്ണീർ പൊഴിച്ചിതു
ദീർഘികയ്ക്കുള്ളിൽ മഞ്ഞേറ്റിടും
ഹേമന്തകമലങ്ങൾപോൽ. 167

തേരും കുതിരയും പോവാ-
നിടനൽകാതിടയ്ക്കിടെ
തിക്കി രക്ഷികളെക്കൂടി
തള്ളിക്കൊണ്ടു ജനാവലി. 168

ശോകകുണ്ഠിതരായ് കേണും
ശപിച്ചും ധാർഷ്ട്യമോതിയും
ചൊടിച്ചുംകൊണ്ടു തരുണർ
കൂടി ലഹളകൂട്ടുവാൻ. 169

കടക്കണ്ണുകളാലും തൃ-
ക്കൈകളാലുമതാതിടം
കണ്ടോക്തിയാലുമവരെ-
യാശ്വസിപ്പിച്ചു രാഘവൻ. 170

എന്നിട്ടും പുരുഷാരങ്ങൾ
പിന്തുടർന്നിതു തേരിനെ
"എങ്ങുരാമൻ പുരംഞങ്ങൾ-
ക്കങ്ങു"ന്നായലിവോടുമേ. 171

മടങ്ങാ പ്രിയപൌരന്മാ-
രെന്നുകണ്ടു കൃപാകുലൻ
മന്ദമായ് തേർ നടത്തിച്ചു
പോയി ദൂരം രഘൂത്തമൻ. 172

Digitized By Kerala Sahitya Akademi

നഗരോപാന്തങ്ങൾ വിട്ടു
രഥം നാട്ടുപുറംവഴി
തോടും പുഴകളും താണ്ടി-
ച്ചെന്നെത്തീ തമസാതടം. 173

തിരിഞ്ഞു നോക്കിനാൻ വീണ്ടും
സൂര്യനെച്ഛായയെന്നപോൽ
തന്നെത്തുടർന്നണഞ്ഞെത്തുന്ന
പൌരരേ ദൂരെ രാഘവൻ. 174

ദിനം ദശരഥൻപോലെ
വീണു ചരമശയ്യയിൽ
രാമനൊത്താതപം നീങ്ങി
പൊങ്ങീ കൈകേയിപോൽ നിശ. 175

ഇറങ്ങിയങ്ങാചമിച്ചു
വന്ദിച്ചിതവർ സന്ധ്യയെ
അഴിച്ചാശു നനച്ചിട്ടു
തീററി സൂതൻ ഹയങ്ങളെ. 176

തളിർകൊയ്തു നിലത്തിട്ടു
ലക്ഷ്മണൻ തീർത്ത ശയ്യയിൽ
കിടന്നു കാന്താസഹിത-
നുറങ്ങീ രഘുപുംഗവൻ. 177

തരുമൂലങ്ങളിൽതന്നെ
താവളങ്ങൾ ചമച്ചുടൻ
തളർന്നുവന്ന പൌരന്മാർ
തങ്ങീ ദൃഷ്ടിപഥങ്ങളിൽ. 178

Digitized By Kerala Sahitya Akademi

സഖേദം രാമചരിതം
വാഴ്ത്തി ദ്ദൂരെയിരുന്നഹോ!
സുമന്ത്രരൊത്തു സൌമിത്രി
പോക്കീ രാവറിയാതെതാൻ. 179

ക്ഷീണിച്ചുറങ്ങീ പൌരന്മാർ
ക്ഷിതീന്ദ്രാത്മജനേററുടൻ
തെരിക്കനെപ്പോയ്‌മറഞ്ഞാൻ
തേരേറിയതിരാവിലെ. 180

കൺതുറന്നു രഥം കാട്ടിൽ
കാണാഞ്ഞതിവിഷണ്ണരായ്
വിരഞ്ഞും പൌരർ കോപിച്ചും
വിലപിച്ചും മടങ്ങിനാർ. 181

തങ്ങളേ ധർമ്മനിരതൻ
തള്ളി രാമനതോർത്തവർ
തപിച്ചീല, പുരംപുക്ക
ഭർത്സിച്ചൂ തൽപിതാവിനെ. 182

പലകാട്ടും മലകളും
ശീഘ്രമോടിക്കടന്നുപോയ്
പിന്നെ രാമന്റെതേരെത്തി
രമ്യഗംഗാവനങ്ങളിൽ. 183

അങ്ങെത്തിനാൻ സല്ക്കരിപ്പാൻ
ശൃംഗിവേരാധിപൻ ഗുഹൻ
രാമപ്രിയൻ — സജ്ജനങ്ങൾ
ചെല്ലും ദിക്കൊക്കെവീടുതാൻ. 184



Digitized By Kerala Sahitya Akademi

അരയൻഗുഹനമ്പോന്റ
നീട്ടും കയ്യേന്തിരാഘവൻ
മാറോടണച്ചാനാവനെ-
മഹാൻ ജാതി നിനച്ചിടാ. 185

അന്നെല്ലാവരുമായങ്ങു
വാണു, പിറേറന്നു രാഘവൻ
ആശ്വസിപ്പിച്ചൊരുവിധം
സുമന്ത്രരെ മടക്കിനാൻ 186

തിരിയെത്തേരുമായ്ക്കൊണ്ടു
പോമസ്സചിവനന്നഹോ
കാട്ടുതാൻ പുരമായ്‌ത്തോന്നി
കാടായ്‌ത്തോന്നി പുരാന്തികം. 187

ഓടലെണ്ണതലോടിത്ത-
ന്നോമൽക്കാർകചമാകവേ
പിണച്ചു ജടയായ്ക്കെട്ടി
പിന്നെ ശ്രീരാമലക്ഷ്മണർ. 188

മുനിവേഷത്തിലുംരമ്യൻ
രാമനെക്കണ്ടുജാനകി
മെല്ലെച്ചിരിച്ചുനെടുവീ-
ർപ്പിട്ടാൾ ബാഷ്പാവിലാക്ഷിയായ്. 189

സ്വയംഗുഹൻതാനമരം
പിടിച്ചോട്ടുന്നതോണിയിൽ
സ്വൈരം ഭാഗീരഥികട-
ന്നെത്തി തെക്കേക്കരയ്ക്കവർ. 190

Digitized By Kerala Sahitya Akademi

മടക്കിഗ്ഗുഹനെപ്പിന്നെ
മഹാടവീകടന്നവർ
ഭരദ്വാജാശ്രമം കണ്ടാർ
പ്രയാഗവന സീമയിൽ. 191

സന്തുഷ്ടനായ് മുനിശ്രേഷ്ഠൻ
ചെയ്ത സൽക്കാരമേററവർ
സർവ്വഖേദങ്ങളും തീർന്ന-
മട്ടിലന്നങ്ങു മേവിനാർ. 192

മുനിയെത്തൊഴുതാശിസ്സു
വാങ്ങിപ്പിറേറന്നുരാവിലെ
മുതിർന്നു സൂര്യൻ പൊൻപൂശും
കാടേറിപ്പോയി മൂവരും. 193

ക്രമേണവനസഞ്ചാരം
പഴകീ, ഖേദമററവർ
കൌതുഹലം പൂണ്ടുപാർത്താ-
രടവീതടശോഭകൾ. 194

കണ്ടാരവർ ശരൽക്കാല-
ശബളാംബരഭംഗിയിൽ
ഗംഗായമുനകൾക്കുള്ള
ഹൃദയംഗമസംഗമം. 195

കണ്ടാർ തെക്കോട്ടു വീണ്ടുംപോം
വഴിക്കതിമനോഹരം
കവിപ്രശസ്തിനേടാത്ത
വാല്മീകിയുടെയാശ്രമം. 196

Digitized By Kerala Sahitya Akademi

വാത്സല്യമേറും മുനിതൻ
വിരുന്നേററങ്ങു തുഷ്ടരായ്
വീട്ടിലെന്നവിധം സൈ്വരം
വസിച്ചാർ ചിലനാളവർ. 197

ചിന്തിച്ചു പിന്നമ്മുനീന്ദ്രൻ
ചൊന്നപാതവഴിക്കവർ
ചിത്രകൂടാചലത്തിൻെറ
ചരിവിൽ ചെന്നുചേൎന്നിതു. 198

പൂവും കായും പൊഴിക്കുന്ന
ബഹുവൃക്ഷലതാദിയും
പ്രമദം പൂണ്ടു ശബ്ദിക്കും
നാനാപക്ഷിമൃഗങ്ങളും. 199

പരന്ന പുൽതകിടിയും
നദിയും പുളിനങ്ങളും
പാറപ്പുറങ്ങളുംകണ്ടു-
തുള്ളി ജാനകിതന്മനം. 200

ആ രമ്യവനഭാഗത്തൊ-
രാശ്രമം തീൎത്തു വാഴുവാൻ
ആഗ്രഹിച്ചു ജനകജാ
സമ്മതിച്ചു രഘൂത്തമൻ 201

വൃക്ഷങ്ങൾ വെട്ടി മേൽക്കൂര
കെട്ടിപ്പുൽമേഞ്ഞു ഭംഗിയിൽ
മൺഭിത്തിയും വച്ചുടജം
തീൎത്തു വൈകാതെലക്ഷ്മണൻ. 202

Digitized By Kerala Sahitya Akademi

മുനിചര്യയിൽ പ്രിയയൊടൊത്തു സാനുജൻ
ഗൃഹമേധിയായവിടെ വാണു രാഘവൻ;
അനിവാര്യശോകഹതനെത്തിയായിട-
യ്ക്കസഹായനായ് ദശരഥൻ സുരാലയം. 203

പിന്നെസ്സാകേതമെത്തിബ്ഭരതനപരക-
ർമ്മങ്ങളെല്ലാംനടത്തി-
ത്തന്നെത്താനേശപിച്ചും ജനനിയെമൊഴിയാൽ
തച്ചുകൊല്ലാതെകൊന്നും
ഖിന്നാത്മാവായ് കരഞ്ഞും നിജ വനഗതനാം
ജ്യേഷ്ഠനായ് രാജ്യമേകാൻ
സന്നാഹംപൂണ്ടുദാരൻ സ്വജനസഹിതനാ-
യെത്തിനാൻ ചിത്രകൂടം. 204

സന്ധിച്ചിതിങ്ങനെസഹോദരരുംവനത്തിൽ
ബന്ധുക്കളും ഗുരുജനങ്ങളുമമ്മമാരും
ബന്ധിച്ചഹാർദ്ദമൊട്ടുമച്ഛനെയോർത്തു ശോക-
സിന്ധുത്തിരക്കഴയിൽവീണുകരഞ്ഞുരാമൻ. 205

കേണാരായതുകണ്ടുസർവ്വരുമുടൻ
രാമൻകൃതസ്നാനനായ്
ചേണാർന്നീടിനഗംഗതൻെറ കരയിൽ
ചെയ്താൻ സ്വയംതർപ്പണം
വീണാർദ്രാശയനായ് കരഞ്ഞുഭരതൻ
രാജ്യംസമർപ്പിക്കവേ
ശോണാബ്ജാഭകരങ്ങൾ നീട്ടിയവനെ-
ക്കെട്ടിപ്പുണർന്നോതിനാൻ. 206

Digitized By Kerala Sahitya Akademi

“സുരലോകമാർന്ന ജനകന്റെ ശാസനം
വരവണ്ണമെന്നനുജ! ഞാൻ കടന്നിടാ
വരമായ് ലഭിച്ചിതു നിനക്കു രാജ്യമ-
പ്പുരമാവധിക്കകമതിന്നി ഞാൻതൊടാ.” 207

എന്നോതിടേണ്ടു ഭരതൻ ഹതാശനാ-
യിരന്നു രാമന്റെ ചെരുപ്പു വാങ്ങിനാൻ
രാജ്യം ഭരിച്ചീടുമിതെന്നുറച്ചവർ
മടങ്ങിനാൻ നോക്കുക! സോദരാദരം. 208

എന്നല്ല രാമനവധിക്കുവരാഴ്കിലന്നു
ഹോമിക്കുവാൻ നിജശരീരമൊരുക്കി നിത്യം
നോമ്പാർന്നുപോയവനിരുന്നിതടുത്തൊരൂരിൽ
കൈകേയിതോറ്റിതതിമോഹിയെ ലക്ഷ്മിതീണ്ടാ. 209

ശുഭം.

Digitized By Kerala Sahitya Akademi

# ബാലരാമായണം

## ആരണ്യകാണ്ഡം

അതിന്നുശേഷം ശ്രീരാമ-
നരണ്യാശ്രമനിഷ്ഠിതൻ
ഒരുനാൾരാവിലേ സീതാ-
സൗമിത്രികളൊടോതിനാൻ. 1

ചിത്രകൂടമയോദ്ധ്യയ്ക്കു
ദൂരമല്ലെന്നുവന്നിതു
ചിതമല്ല പ്രവാസം നോൽക്കു-
മെനിക്കു ഗൃഹചിന്തയും. 2

വനാന്തരം പോയണവാൻ
വാഞ്ഛരിപ്പൂ ചിത്തവൃത്തികൾ
ജനബാധഭയപ്പെട്ട
തിര്യഗ്ജന്തുക്കൾ പോലവേ. 3

അത്രമല്ല മഹാത്മാക്ക-
ളഗസ്ത്യാദി മഹർഷിമാർ
ആവസിക്കുന്നുപോൽ ദിവ്യ-
രാ ദക്ഷിണവനങ്ങളിൽ. 4

Digitized By Kerala Sahitya Akademi

അവരെക്കണ്ടുവന്ദിക്കാ-
മറിയാം പലകാര്യവും
ആശ്രമക്ഷേമമന്വേഷി-
ച്ചാർജ്ജിക്കാം പുണ്യമെന്നുമേ. 5

പോകാം നമുക്കു സൗമിത്രേ!
പരന്നോരാ വനങ്ങളിൽ
പൊട്ടക്കുളത്തിൽ ഭേകംപോൽ
വാഴില്ലുൽക്കർഷകാങ്ക്ഷികൾ. 6

നീണ്ടകാടും മലകളും
നിർഝരങ്ങൾ നദങ്ങളും
നമുക്കു നവ്യമായ്ക്കാണാം
പോകാം സീതേ, വനപ്രിയേ! 7

അന്നുതന്നെ പുറപ്പെട്ടാർ
ചിത്രകൂടം വെടിഞ്ഞവർ
കുലായവൃക്ഷംകൈവിട്ട-
കൂട്ടുപക്ഷികൾ പോലവേ. 8

കൈയിലായുധവും തോളിൽ
തോലും മാറാപ്പുമായവർ
കടന്നുപോയാർ സീതയ്ക്കു
കഷ്ടമില്ലാതെഴും വഴി. 9

അടുത്തടുത്തു വൃക്ഷങ്ങൾ
നൽകും നിഴലിലൂടെയും
അങ്ങങ്ങിളംപുൽ വളർന്നു-
മറയും വഴിയൂടെയും. 10

Digitized By Kerala Sahitya Akademi

കാന്തൻെറപിന്നിലും വീരൻ
ദേവരൻതൻെറ മുന്നിലും
കളിച്ചു നടകൊണ്ടാള-
ക്കാട്ടിലഞ്ചാതെ ജാനകി. 11

കാനനത്തിൽ ശരൽക്കാല-
ചാരുഭംഗികൾ നോക്കിയും
കായും കനികളും പൂവും
തളിരും തേടിയോടിയും; 12

ഓമൽചിത്രാംബരം കാററിൽ
പാറിച്ചും ഹന്ത! സുന്ദരി
ഉല്ലസിച്ചാളങ്ങു മണ്ടു-
മൊരു പൂമ്പാററപോലവൾ. 13

കണ്ടോ മുകർ വെളുത്തുള്ള
മുകിൽ തിങ്ങുന്ന വിണ്ണിതിൽ
കാട്ടിൽ കൊമ്പുകൾ പൂത്തോരു
പാലവൃക്ഷങ്ങൾ മാതിരി. 14

കനംകുറഞ്ഞംബരത്തി-
ലതിദൂരത്തിൽ വെൺമുകിൽ
കാററിൽ പറന്നുപോകുന്നു
വെള്ളക്കൊററികൾപോലവേ. 15

നോക്കുകെത്ര മനോരമ്യം
കാന്ത നിന്നുടൽപോലഹോ!
നീലോല്പലാവനത്തിൻെറ
ഭംഗിയാർന്നു നഭഃസ്ഥലം. 16

Digitized By Kerala Sahitya Akademi

തുടന്നിവണ്ണം മാർഗ്ഗത്തിൽ
മൗനം തേടുന്ന കാന്തനെ
തോളിൽ പിടിച്ചു നിർത്തിക്കൊ-
ണ്ടോതുമോരോന്നു ജാനകി. 17

പൂത്തു കാണുക! വെള്ളാമ്പൽ-
നിര വിണ്ണുന്നു രാവിലെ
പൊഴിഞ്ഞുവീണ താരങ്ങൾ-
പോലെ മിന്നുന്ന പൊയ്കയിൽ. 18

അറുത്തു കൊണ്ടുവരിക
പോയവററയെ മെയ്യിൽ ഞാൻ
അണിവേനെന്നനുജനെ-
യുത്സാഹിപ്പിക്കുമോമലാൾ. 19

മെല്ലെന്നിവണ്ണം ദൂരംപോയ്
മദ്ധ്യാഹ്നസമയത്തവർ
മരത്തണലിൽ വത്തിച്ചു
ഫലമൂലമശിച്ചിതു. 20

മാർഗ്ഗങ്ങളിൽ മണൽത്തിട്ട-
പൊങ്ങി നിമ്മല തോയമായ്
മുട്ടോളം താഴ്ന്ന പുഴകൾ
നടന്നവർ കടന്നിതു 21

മലയേറി,ത്താഴ്വരയി-
ലിറങ്ങി, വിപിനങ്ങളിൽ
മറഞ്ഞു വീണ്ടും മരുവിൽ
വെളിവായവർ പോയിതു. 22

Digitized By Kerala Sahitya Akademi

താണു സൂര്യൻ പടിഞ്ഞാറെ–
പ്പർവ്വതത്തിൻ തടങ്ങളിൽ
തണുത്ത മഞ്ഞനിറമായ്–
ത്തങ്ങിവൃക്ഷങ്ങൾമേൽ വെയിൽ. 23

പഴുത്തനെൽക്കതിരുകൾ
കൊത്തിക്കൊണ്ടു വനങ്ങളിൽ
പച്ചിലത്തോരണംപോലെ
പറന്നെത്തീ ശുകാവലി. 24

പൊങ്ങിക്കാണായി പുകകൾ
പുരോഭാഗത്തു ദൂരെയായ്
പരന്നെത്തുമിരുട്ടാറിൻ
നീർച്ചാട്ടത്തിന്റെ ധാടിപോൽ, 25

ഹവ്യഗന്ധമൊട്ടും വേദ–
ധ്വനിവാചാലമാരുതൻ
അണഞ്ഞിതത്രിമുനിത-
ന്നാശ്രമത്തിന്നു ദൂതനായ്. 26

അങ്ങെത്തിദ്ദർശിച്ചു വൃദ്ധ–
മുനിയെപ്പത്നിയാളെയും
അഭിവന്ദിച്ചു സല്ക്കാര–
മേററുവാണിതു മൂവരും. 27

പുലർകാലത്തെഴുന്നേററു
പുറപ്പെട്ടാർ കനിഞ്ഞുടൻ
വിളിച്ചാശ്ശിസ്സു ചൊൽവോരാ–
വൃദ്ധദ്വന്ദ്വത്തെ വിട്ടവർ. 28

Digitized By Kerala Sahitya Akademi

വെളുത്തു കേശം മെയ് ക്കുന്നു—
വിറച്ചങ്ങൊട്ടുനിന്നിതു
പൂത്ത കാശദ്വയം കാററി—
ലാട്ടംപോലാ വയോധികർ. 29

പോന്നാർ പുഴ കടത്തീട്ടു
ശിഷ്യർ; പിന്നെ രഘൂത്തമർ
സീതാസഹിതരായ് ചെന്നു
ദണ്ഡകാടവിയേറിനാർ. 30

കുരങ്ങന്മാർ കലുക്കുന്ന—
കൊമ്പൊന്നിലകൾ ചൂഴ്ന്നുടൻ
തടിച്ച കവരം പൂണ്ടു—
തിങ്ങിക്കാണായി വന്മരം. 31

ഉരഗംപോൽനീണ്ടുപുള-
ഞ്ഞുഗ്രകണ്ടകരൂക്ഷമായ്
വാർപച്ചിലച്ചാർത്തു ചുററി—
വാച്ചു ചൂരൽപ്പടർപ്പുകൾ. 32

വമ്പിച്ച തരുവൃന്ദത്തിൽ
തന്നിഷ്ടംപോൽ വളർന്നുപോയ്
വ്യോമോദരത്തെ സ്പർശിപ്പാൻ
കൈനീട്ടീ കാട്ടുവള്ളികൾ. 33

വെയിലേൽക്കാതിരുണ്ടാർദ്ര—
മാമത്തരുതലങ്ങളിൽ
വീർപ്പു നിർത്താതെ ചീവീടു—
കരഞ്ഞൂ കർണ്ണരൂക്ഷമായ്. 34

Digitized By Kerala Sahitya Akademi

മെമ്മേൽദ്ദൂരെഗ്ഗുഹകളിൽ
പൊങ്ങീടും സിംഹഗർജ്ജിതം
മൂർച്ഛിച്ചു മാററൊലിയൊടൊ-
ത്താ ഘോരവനമെങ്ങുമേ. 35

വെറുംതറയിലും നീളെ
വീണശല്പുകൾ മേലുമേ
രക്തരേഖകൾ കാണാറാ-
യാർദ്രമായുമുണങ്ങിയും 36

മസ്തകം വിണ്ടു രുധിരം
ചിന്തി ചത്തു ചരിഞ്ഞഹോ
കൊമ്പൻ കിടന്നിതുൾക്കാട്ടിൽ
തിങ്കൾക്കൂമ്പെഴമന്തിപോൽ. 37

വക്ത്രംപൊളിച്ചു വാൽപൊക്കി
വൻവ്യാഘ്രങ്ങൾ നടന്നിതു
വിലങ്ങനെസ്സഞ്ചരിക്കും
ചിത്രകുഞ്ജങ്ങൾ മാതിരി. 38

പെരുമ്പാമ്പുകളങ്ങങ്ങു
ചുററിപ്പൊന്തിക്കിടന്നിതു
പട്ടു, കൂണു കുരുക്കുന്ന
തരുമൂലങ്ങൾ പോലവേ. 39

വില്ലിലമ്പു തൊടുത്തും പോം-
വഴി സൂക്ഷിച്ചുനോക്കിയും
വൈദേഹിയെ നടുക്കാക്കി
നടന്നു രാമലക്ഷ്മണർ. 40

Digitized By Kerala Sahitya Akademi

സൂര്യപ്രകാശമറേറാര-
ദ്ദീർഘഘോരമഹാവനം
തോന്നീ നടന്നിടുംതോറും
നീളുംപോലെയവക്കഹോ! 41

പേടിച്ചു സീതയക്കാട്ടിൽ
ഭർത്തൃരക്ഷിതയെങ്കിലും
ഭയങ്കരക്കിനാവിങ്കൽ
പതറുംബുദ്ധിപോലവേ. 42

ഒട്ടുദൂരം കടന്നപ്പോ-
ളഹോ! പരമഭീകരൻ
ഒരു രാക്ഷസനെത്തുന്നു
നായാടിക്കൊണ്ടതേവഴി. 43

വട്ടക്കണ്ണും വികടമാ-
മസ്സത്വത്തിൻെറ വക്ത്രവും
വമ്പിച്ചിരുണ്ട തടിയും
കണ്ടാലാരും ഞടുങ്ങുമേ 44

കടമാൻ പന്നി കരടി
തൊട്ട കാട്ടുമൃഗങ്ങളെ
കൊന്നുകോർത്ത നെടുംശൂലം
ഘോരനേന്തിയിരുന്നിതു. 45

മുന്നിൽക്കണ്ടിവരെ ദീപ്ത-
ദംഷ്ട്രനട്ടഹസിച്ചിതു
മുകിൽമിന്നൽപ്പിണർപെട്ടും
മലപോലെ ഭയങ്കരൻ. 46

Digitized By Kerala Sahitya Akademi

ഒരുപെൺകൊടിയാളോടൊ–
ത്തിക്കൊട്ടങ്കാട്ടിൽ രണ്ടുപേർ
ഒളിച്ചുമണ്ടുന്നു നിങ്ങ–
ളാരെടോ, നരകീടരേ! 47

തരിപ്പിവളെയെന്നോതി
വൻകാററിൽ തരുപോലവൻ
താണാഞ്ഞു സീതയെക്കയ്യി
ലേന്തിശ്ശീഘ്രം നടന്നിതു. 48

വിട്ടു വിട്ടു ദേവിയെയെ-
ന്നോതി ക്രോധിച്ചരക്കനെ
വിൽവലിച്ചു വലിച്ചെയ്തു
തുടർന്നു രഘുനന്ദനർ. 49

ക്രൂരമ്പേററ മഹാദുഷ്ടൻ
ക്രുദ്ധനായ് വിട്ടു സീതയെ
കുതിച്ചണ്ണെത്തിയവരെ–
യെടുത്താൻ തോളിലുന്നതൻ. 50

വാളുരിവെട്ടി ദുഷ്ടൻെറ
രണ്ടു ബാഹുക്കളും ദ്രുതം
വൃക്ഷശാഖകൾപോൽ വീഴ്ത്തി
ച്ചാടിനിന്നു നിലത്തവർ. 51

വായുംപിളൻറു പാഞ്ഞെത്തി
വീണ്ടും രാക്ഷസനക്ഷണം
വേർപെടുത്താനെയ്തു രാമൻ
കാലും ക്രൂരൻെറ കണ്ഠവും. 52

Digitized By Kerala Sahitya Akademi

വീണു നിലത്തു സാരാവം
സ്ഥൂലമാം രാക്ഷസൻെറ മെയ്
ഈർച്ചക്കാർ വെട്ടിയിട്ടുള്ളോ-
രിരുണ്ട തടിപോലവേ. 53

കൊന്നു വിരാധനാം ദുഷ്ടൻ
തന്നെയിങ്ങനെ രാഘവൻ
കുഴിതോണ്ടിനിലത്തിട്ടു
മൂടി പ്രേതം കനിഷ്ഠനും. 54

കനിഞ്ഞു സീതയെപ്പിന്നെ-
യാശ്വസിപ്പിച്ചു തൽപ്രിയൻ
കൈകേയീനിശ്ചയത്തിൻെറ
കയ്പും നെല്ലുള്ളിലോർത്തിതു. 55

പുറപ്പെട്ടക്കാട്ടുകട-
ന്നപരാഹ്നത്തിലന്നവർ
പുക്കാർ സ്വർഗ്ഗാരോഹണാർത്ഥി
ശരഭംഗൻെറയാശ്രമം. 56

ആതിത്ഥ്യവുംചെയ്തു രാമ-
ന്നാശിസ്സും നല്കിയന്നുതാൻ
അഹോ മഹർഷിതന്നത്താൻ
ഹോമിച്ചുടൽ വെടിഞ്ഞുപോൽ. 57

അങ്ങസ്സമാധി കാണ്മാനായ്
ദൂരെനിന്നു മഹർഷിമാർ
അസംഖ്യം പേർ വന്നിരുന്നു
ദണ്ഡകാരണ്യവാസികൾ. 58

Digitized By Kerala Sahitya Akademi

സീതാസൌമിത്രിസഹിതൻ
രാമനെക്കണ്ടു താപസർ
സന്തുഷ്ടരായാർ സശ്രദ്ധം
തച്ചരിത്രങ്ങൾ കേട്ടുമേ. 59

എന്നല്ല മുഖ്യമുനിമാർ
ചിലർ പിന്നങ്ങുരാമനെ
എതിരേററു ദണ്ഡകയ്ക്കായ്
ക്ഷണിച്ചു വഴിപോലവേ. 60

"സ്വാഗതം രാജശാർദ്ദൂല,
രാമ, ദാശരഥേ വിഭോ,
സീതാസൌമിത്രിസഹിത,
സത്യസന്ധശിഖാമണേ. 61

ലോകൈകവീരനാമങ്ങു
കിരീടം രത്നഭാസുരം
ലോഷ്ടംപോലെ വെടിഞ്ഞാററു
ജടാജൂടം ജയിക്കുക. 62

ഭവാൻെറ ബാഹുബലവും
ധർമ്മരക്ഷണതൃഷ്ണയും
ബാല്യംമുതൽ പ്രസിദ്ധങ്ങൾ
ഞങ്ങൾ കേട്ടറിയുന്നിതു. 63

സത്യം മനഃപ്രസൂതിക്കു
മെച്ചമില്ലിതിലെങ്കിലും
സ്തുതിപ്പൂ ഞങ്ങൾ മുനിമാർ
കൃതജ്ഞന്മാർ മഹാപ്രഭോ, 64


Digitized By Kerala Sahitya Akademi

എന്നല്ലനന്യസാമാന്യ-
വീര്യനങ്ങുന്നതോർക്കയാൽ
ഈയുള്ളവർക്കകൊമ്പി-
ലൊതുങ്ങാതായ് കൃതാർത്ഥത. 65

ദേവധർമ്മരതന്മാരി-
ദ്ദക്ഷിണാപഥഭൂമിയിൽ
വന്നപാർക്കുന്നിതീ ഞങ്ങൾ
ബഹുക്കൾ ബഹുകാലമായ്. 66

വിന്ധ്യാചലത്തെ ലംഘിച്ച
വിശ്രുതൻ കുംഭസംഭവൻ
വസിച്ചിട്ടുണ്ട പോയ് തെക്കേ-
ദ്ദിക്കിലത്ഭുതശക്തിമാൻ. 67

വഴിയേ ഞങ്ങളും പോന്നു-
മേവുന്നിതിവിടങ്ങളിൽ
വാസയോഗ്യം ദേശമിതു
ഫലമൂലസുമോത്തരം. 68

സജലം സമശീതോഷ്ണം
സകുശേന്ധനമീവനം;
സശ്രദ്ധം ഞങ്ങളിവിടെ-
ച്ചെയ്‌വൂ യജ്ഞതപസ്സുകൾ 69

ഉപദ്രവിക്കാറില്ലത്ര
വന്യജന്തുക്കൾ ഞങ്ങളെ
ഒന്നൊണ്ടാധി—വശംകെട്ടു
ഞങ്ങൾ കാട്ടാളർമൂലമായ്. 70

Digitized By Kerala Sahitya Akademi

അരക്കന്മാരിവിടെയു-
ണ്ടെങ്ങും പൂർവ്വനിവാസികൾ
അപരിഷ്കൃതരത്യന്ത-
ഘോരന്മാർ നരഭോജികൾ. 71

ദുർഭ്രുതേപോസകർ വെറും
ദുരാചാരപരായണർ
ദേവയജ്ഞം മുടക്കീടാൻ
നിത്യം കൌതുകമാർന്നവർ. 72

കടന്നുമാശ്രമത്തിങ്കൽ
കാട്ടിലങ്ങുനിന്നുമേ
കനിവററക്കരിങ്കള്ളർ
കൊള്ളചെയ്യുന്നു ഞങ്ങളെ. 73

വിളവും യജ്ഞവും ദുഷ്ടർ
മുടിക്കുന്നെന്നുമല്ലഹോ
പിടിച്ചുകൊണ്ടുപോകുന്നു
സ്ത്രീജനങ്ങളെയും വിഭോ! 74

പ്രഭുക്കന്മാർ തെക്കു തെക്കീ-
വർഗ്ഗത്തിൽ പലരുണ്ടുപോൽ
ഭുജ വിക്രമവും സൈന്യ-
ശക്തിയും പാരമുള്ളവർ. 75

മുഷ്ക്കേറുമവരെ പ്പേടി-
ച്ചിജ്ജനങ്ങൾക്കു ഭൂപതേ,
മിണ്ടാൻപാടില്ലയവരിൽ
മോശക്കാരോടുപോലുമേ. 76

Digitized By Kerala Sahitya Akademi

ചൊല്ലാം ഞങ്ങൾക്കു വിശ്വാസ്യ-
മല്ലെന്നായ് ക്ഷണനേരവും
ധനവും പ്രാണനും സ്വന്ത-
മാനവും പരലോകവും. 77

ദണ്ഡകയ്ക്കങ്ങെഴുന്നെള്ളാൻ
പ്രസാദിച്ചതു കേവലം
ദേവപ്രേരണയാലെന്നി-
ങ്ങാശ്വസിക്കുന്നു താപസർ. 78

സ്വാഗതം ഞങ്ങൾ ചൊല്ലുന്നെ-
ന്നല്ലങ്ങയെ ദയാനിധേ,
ധർമ്മാരണ്യം ക്ഷണിക്കുന്നു
വായുകമ്പിതപാദപം." 79

മുനിമാരുടെ മുൻനിന്നു
വാഗ്മിയാമൊരു താപസൻ
സമക്ഷമിച്ചൊന്നതെല്ലാം
സശ്രദ്ധം കേട്ടു രാഘവൻ. 80

ചുവന്നു നീണ്ട മിഴികൾ
രണ്ടിലും നീർത്തുളുമ്പിയും
തുടുത്ത ചുണ്ടിളകിയും
നെടുവീർപ്പിട്ടു വീര്യവാൻ. 81

അനുകമ്പയിൽ നിന്നുണ്ടാ-
മമർഷത്തോടു സത്വരം
ധർമ്മധീരത മേളിക്കും
മുഖശ്രീയാൽ പ്രദീപ്തനായ്. 82

Digitized By Kerala Sahitya Akademi

വില്ലാകും യോഗദണ്ഡൂന്നി
നിലത്തു നിഭൃതം വശീ
വീരാസനസ്ഥിതൻ ധൃഷ്ട-
ഭാവനോതി രഘൂത്തമൻ. 83

"നമസ്കാരം ഭവാന്മാർക്കു
യോഗ്യരാമൃഷിവര്യരേ,
നിങ്ങളെക്കാൺകയാലിന്നെൻ-
ദിനം സുദിനമായിതേ. 84

സജ്ജനങ്ങളുമായുള്ള
സഹവാസം കൊതിച്ചു ഞാൻ
പുറപ്പെട്ടു ഞങ്ങൾ തെക്കൻ-
വനങ്ങളിൽ വസിക്കുവാൻ. 85

സങ്കടം രാക്ഷസന്മാരാൽ
നിങ്ങൾക്കുള്ളതു കേട്ടു ഞാൻ
മുഖത്തുതാൻ മുദ്രിതമായ്
കാണുന്നുണ്ടതു നിങ്ങളിൽ. 86

ദുസ്സഹം സുജനത്തിന്റെ
ദുഃഖം കാൺമതു കേവലം
ദുർജ്ജനക്രൗര്യമദുഃഖ-
ഹേതുവായാൽ സുദുസ്സഹം. 87

വെടിഞ്ഞു രാജ്യം, ഭവനം
വെടിഞ്ഞു വിഭവത്തൊടും
ഞാൻ വെടിഞ്ഞീലയിച്ചാപം
സാധുരക്ഷാധുരന്ധരം. 88

Digitized By Kerala Sahitya Akademi

വേണ്ടാ വിഷാദമഭയം
തന്നു ഞാൻ ബ്രഹ്മനിഷ്ഠരേ!
വർത്തിപ്പിൻ ധർമ്മമാർഗ്ഗത്തിൽ
വാഴ്‌വൻ ഞാനാശ്രമങ്ങളിൽ. 89

ഭരതങ്കൽ മഹാരാജ്യ-
മർപ്പിച്ച കുശലൻ വിധി
ഭാരമേറിയ കൃത്യം മ-
റ്റൊന്നെൻ ചുമലിൽ വച്ചിടാം. 90

അരക്കരുടെ ശല്യത്തി-
നതിരില്ലാതെയായിതാൻ
അവരെസ്സകുലം കൊന്നും
സ്ഥാപിപ്പൻ ധർമ്മമിങ്ങു ഞാൻ." 91

മുനിമാരിതു കേട്ടാർത്തു
ജയശബ്ദം തുടർന്നിതു
മൂട്ടിൽ ശ്രീരാമനരുളും
വൃക്ഷം പുഷ്പം ചൊരിഞ്ഞിതു. 92

തെളിഞ്ഞു ദിങ്മുഖം ധീര-
നനുമോദിച്ചു ലക്ഷ്മണൻ
തെല്ലൊന്നു ചിന്തയാൽ വാടീ
സീതയ്ക്കു മുഖപങ്കജം. 93

പിന്നെയമ്മുനിമാർ കാട്ടു-
മോരോവഴി നടന്നവർ
പോയിക്കണ്ടു മൂവരുമായ്
ചാലപ്പുണ്യാശ്രമങ്ങളും. 94

Digitized By Kerala Sahitya Akademi

ദിനങ്ങൾ പോയിടുന്തോറു-
മശ്ശീലഗുണശാലികൾ
രാമാദികൾ വനസ്ഥർക്കി-
ങ്ങത്യന്തം പ്രിയരായിതു. 95

അടുത്തും ദൂരെയും പാർക്കു-
മൃഷിമാർ വന്നു ചേർന്നിതു
സന്ദർശിപ്പാനമീവരെ
ക്ഷണിപ്പാനും ദിനംപ്രതി. 96

വനങ്ങളും ഗിരികളും
പുഴയും പോയതാതിടം
വെള്ളച്ചാട്ടങ്ങളും കണ്ടാ-
രവർ പത്മാകരങ്ങളും. 97

സ്നേഹമേറും താപസസ്ത്രീ
ജനങ്ങളുടെ വേഴ്ചയാൽ
സുസ്നിഗ്ദ്ധയായ സീതയ്ക്കു
രസിച്ചു വന്യവൃത്തികൾ. 98

ദിനം പക്ഷം മാസമല്ല
വർഷാർദ്ധം വർഷമിങ്ങനെ
താമസിച്ചാർ യഥാകാമ-
മവരോരോ സ്ഥലങ്ങളിൽ. 99

പോകുമ്പോൾ സ്ത്രീജനാകീർണ്ണ-
മായോരൃഷികുലങ്ങളിൽ
പിരിഞ്ഞില്ലാരുമിവരെ-
ക്കണ്ണീർവാർക്കാതൊരേടവും. 100

Digitized By Kerala Sahitya Akademi

അന്നൊരിക്കൽ സ്വൈരമായ-
ങ്ങൊരു ദിക്കിലിരിക്കവേ
കനിഞ്ഞു കാന്തനെപ്പാർത്തു
സോൽകണ്ഠം സീതയോതിനാൾ. 101

ആൎയ്യപുത്ര! ഭവാനോളം
യോഗ്യരില്ലാരുമൂഴിയിൽ
ഒരു ദോഷവുമങ്ങയ്ക്കി-
ല്ലെന്നാലൊന്നുണ്ടു ചൊൽവു ഞാൻ. 102

തപസ്വിയാമാൎയ്യപുത്ര-
നെന്തിനേന്തുന്നിതായുധം
സൌഖ്യമില്ലതുകാണ്മാനെ-
ന്നല്ല ദോഷവുമുണ്ടതിൽ. 103

ശസ്ത്രവും ജടയും, തീയും
നീരുംപോലെ വിരോധികൾ;
വിരുദ്ധവേഷം കയ്ക്കൊള്ളാ-
റില്ലല്ലോ യോഗ്യരാരുമേ. 104

ശസ്ത്രശാലിക്കു ശത്രുക്കൾ
തനിയേ വന്നുകൂടിടും,
ഹിംസാരസം വൃഥാ തോന്നും
വിപത്തും പാപവും വരും. 105

എന്നായുധമുപേക്ഷിപ്പാൻ
പ്രാൎത്ഥിച്ചീടുന്ന സീതയെ
പറഞ്ഞടക്കിനാൻ ധീമാൻ
ശ്രീരാമൻ ധൎമ്മകോവിദൻ. 106

Digitized By Kerala Sahitya Akademi

വിരാധനെപ്പോലെയുള്ള
ദുഷ്ടർതന്നാക്രമങ്ങളും
മുനിമാരോടു താൻ ചെയ്ത
സത്യവും ചൂണ്ടിയോതിനാൻ. 107

ധരിപ്പേൻ ധർമ്മരക്ഷയ്ക്കായ്
ശസ്ത്രം, ദുർജ്ജനശാത്രവം
ഭയപ്പെടില്ല ഞാനെന്നാൻ
മഹാവീരൻ രഘൂത്തമൻ 108

പിന്നെത്തപോധനശ്രേഷ്ഠൻ
സുതീക്ഷ്ണൻ തന്റെയാശ്രമം
പോയിക്കണ്ടവർ വന്ദിച്ചാർ
പൂജ്യനാമമ്മുനീന്ദ്രനെ. 109

സൽക്കരിച്ചവരെപ്പാര-
മാശിസ്സും നൽകിയമ്മുനി
ആചാര്യനാമഗസ്ത്യന്റെ-
യാശ്രമത്തേക്കയച്ചിതു. 110

പിപ്പലീഗന്ധമേലുന്ന
കാട്ടിലൂടെ നടന്നവർ
പ്രാപിച്ചാർ ശാന്തഗംഭീര-
മഗസ്ത്യന്റെ തപോവനം. 111

കാർകൊണ്ടൽനിരപോലുള്ള
ശൈലശൃംഗങ്ങൾ ചൂഴ്ന്നുടൻ
കോട്ടയായ്നിന്നിതാ രമ്യ-
വനഭാഗത്തിനെന്നുമേ. 112

Digitized By Kerala Sahitya Akademi

തളിരും മലരും കായും
കനിയും പൂണ്ട ഭംഗിയിൽ
തിങ്ങിക്കാണായി വൃക്ഷങ്ങൾ
പക്ഷികോലാഹലത്തൊടും. 113

നല്ല നീർച്ചാട്ടവും തോട്ടം
തണ്ടാരേലും തടാകവും
കാണായി സ്നാനഘട്ടത്തിൽ
നീരാട്ടമൃഷിമാരൊടും. 114

പുല്ലരിഞ്ഞു നിരപ്പാക്കി-
ച്ചെത്തിവച്ചുള്ള പാതയും
പൂചൊരിഞ്ഞിരുപാർശ്വത്തും
നിൽക്കും നിഴൽമരങ്ങളും. 115

മാൻമേയും പുൽതകടിയും
ബലിപുഷ്പവനങ്ങളും
മന്ദിരാവലിയും കാണാ-
യുള്ളിലുള്ളിൽ പലേടവും. 116

പടിക്കലെത്തിസ്സമയം
കാത്തിരുന്നതു രാഘവൻ
ലക്ഷ്മണൻ വിവരം ചെന്നു
ശിഷ്യരോടറിയിച്ചിതു. 117

അറിഞ്ഞഗസ്ത്യഭഗവാൻ
സ്വയം ശിഷ്യാഗ്രഗണ്യനേ
അയച്ചു രാമനെ സ്സാനു-
യായിയായെതിരേൽക്കുവാൻ. 118

Digitized By Kerala Sahitya Akademi

ദീപ്തിയേറും മിഴികളും
നീണ്ടുയർന്നോരു നാസയും
തുമ്പുചെമ്പിച്ച ജടയും
താടിയും തങ്കവർണ്ണവും. 119

സമാവയവവും ചേർന്ന
സൌമ്യൻ ചീരാംബരാവൃതൻ
കൃശനെന്നാകിലും ദീപ്ത
തേജസ്സാലുന്നതോപമൻ. 120

ആദ്യം വിന്ധ്യൻ മറച്ചോരു
തെക്കേദ്ദിക്കിൽ കടന്നവൻ
ആദിദ്രാവിഡഭാഷയ്ക്കു
ശബ്ദശാസ്ത്രം ചമച്ചവൻ. 121

സിദ്ധാഗ്രഗണ്യൻ സകല-
ശാസ്ത്രജ്ഞൻ ശസ്ത്രകോവിദൻ,
സ്വൈരം പുലിത്തോലണിഞ്ഞ
പീഠത്തിൽ സ്വയമമ്മഹാൻ. 122

പ്രതീക്ഷിച്ചമ്മനുകുലാ-
ധീശനെ പ്രീതിപൂർവകം
പൂവിട്ട ചത്വരം പൂണ്ട
പൂമുഖത്തിലിരുന്നിതു. 123

വന്നു ദണ്ഡനമസ്കാരം
ചെയ്തു ദശരഥാത്മജൻ,
നന്ദിച്ചു മാറിയരികേ
നിന്നു വൈദേഹിതാനുമേ. 124

Digitized By Kerala Sahitya Akademi

കനിഞ്ഞുനോക്കിയവരെ–
ക്കൈരണ്ടും പൊക്കി മാമുനി
പ്രസാദിച്ചാശീർവ്വദിച്ചു
പ്രത്യേകം രണ്ടുപേരെയും. 125

എന്നാലെഴുന്നേററു മുനി–
യാശ്ലേഷിച്ചിതു രാമനെ
ഉദ്ദീപ്തമാകുമനലൻ
ധൂമസ്തംഭത്തെയെന്നപോൽ. 126

അനാമയം ദാശരഥേ!
ഭവാൻ വന്നതു ഭാഗ്യമായ്
അന്യോന്യദർശനം നമ്മൾ–
ക്കുണ്ടാകേണ്ടതു സിദ്ധമായ്. 127

ഇന്നോളമുള്ളൊരു ഭവ–
ച്ചരിതം കേട്ടിരിപ്പു ഞാൻ
ശപഥംചെയ്തതും കേട്ടു
ധർമ്മവീരശിഖാമണേ! 128

എന്നലിഞ്ഞോതിയവരെ-
യിരുത്തീ ഭഗവാൻ ക്ഷണം;
ചെയ്യിപ്പിച്ചു യഥാകാലം
പിന്നെ സ്നാനാശനാദികൾ. 129

വിശ്രമാനന്തരം വൈകു–
ന്നേരം ചുററിനടന്നവർ
വഹ്നിശാലകളുംകണ്ടാർ
കാവും ദേവാലയങ്ങളും. 130

Digitized By Kerala Sahitya Akademi

വിദ്യാലയങ്ങളും ധാന്യ-
ഗോശാലകളുമങ്ങവർ
വീക്ഷിച്ചാർ ഗുഹയും ഗൂഢ-
മായോരായുധശാലയും. 131

രാത്രിയേകാന്തത്തിൽ മുനി
പലഗുഹ്യോപദേശവും
രാത്രിഞ്ചരബലത്തിൻെറ
ശക്തിയും വിപുലതപവും, 132

രണവൈദഗ്ദ്ധ്യവും തൻെറ
രക്ഷാമാർഗ്ഗങ്ങളും സ്വയം
ശപഥംകൊണ്ടു സോൽകണ്ഠ-
നായ രാമനൊടോതിനാൻ. 133

അസ്ത്രമല്ലങ്ങവക്കായി
രാമചിത്തം ഗ്രഹിച്ചുടൻ
അടുത്ത വാസസ്ഥലവും
നിർദ്ദേശിച്ചാൻ മഹാമുനി. 134

പിറേറന്നാൾ രാവിലേ യാത്ര-
യൊരുങ്ങും രാമചന്ദ്രനെ
പിതൃതുല്യൻ മുനി കനി-
ഞ്ഞരികത്തിൽ വിളിച്ചിതു. 135

സമന്ത്രമാകും ബ്രഹ്മാസ്ത്രം
സർവ്വപ്രാണിഭയങ്കരം
സമർപ്പിച്ചിതു രോമാഞ്ച-
മേലും രാമൻെറ കൈകളിൽ. 136

Digitized By Kerala Sahitya Akademi

പിന്നെത്തിളങ്ങുമസ്ത്രങ്ങൾ
നിറയും രണ്ടു തൂണിയും
തീക്ഷ്ണമാം രണ്ടസികളും
കവചദ്വയവും മുനി. 137

ഭ്രാതാക്കൾ രണ്ടുപേർക്കായു-
മേകി, സ്ത്രീയ്ക്കു നൽകിനാൻ
പട്ടുചേലകളും രത്ന-
ഭൂഷണങ്ങളുമമ്പിനാൽ. 138

തുഷ്ടരായ് ഭഗവാനോട്ടം
വന്ദ്യരാമന്യരോടുമേ
തൊഴുതാശിസ്സു വാങ്ങിക്കൊ-
ണ്ടവർ മന്ദം നടന്നിതു. 139

കൂടിത്തെക്കോട്ടു പോയ് നിങ്ങൾ
ഗോദാവരി മഹാനദി
വളഞ്ഞൊഴുകുമദ്ദേശം
കാട്ടിപ്പോരിൻ, വടുക്കളേ. 140

എന്നു ശിഷ്യരൊടോതിപ്പോ-
യാശ്രമംപൂകിനാൻ മുനി
സഭാര്യാനുജനായ് രാമൻ
പുക്കാൻ പഞ്ചവടീവനം. 141

അകലെ പ്രസ്രവണമാം
പർവ്വതം നീലമേദുരം
വെള്ളിത്താളൊക്കമരുവി-
വാൻകൊണ്ടു ലസിച്ചിതു. 142

Digitized By Kerala Sahitya Akademi

വിസ്തീർണ്ണമാം മണൽത്തിട്ട-
യാർന്ന ഗോദാവരീജലം
പാവനം സ്ഫടികസ്വച്ഛം
പ്രവഹിച്ചു സമീപമായ്. 143

വിശാലമാം സമതലം
തത്തീരമതിമോഹനം
വിളങ്ങിയങ്ങു പൂത്ത-
തരുഗുല്മലതാദിയാൽ. 144

നാനാപക്ഷികൾ പാടുന്ന
നികുഞ്ജങ്ങളിടയ്ക്കിടേ
കാണായി മയിലാടുന്ന
ശിലാതലമിടയ്ക്കിടേ. 145

പുള്ളിമാനും കലകളും
കാണായ് പുല്ലുള്ളിടങ്ങളിൽ
പാഞ്ഞും മേളിച്ചയവിറ-
ക്കിക്കൊണ്ടങ്ങങ്ങു നിന്നുമേ. 146

ബോധിച്ചു ദേശം സീതയ്ക്കും
രാഘവന്മാർക്കുമൊന്നുപോൽ
പണിചെയ്തു പർണ്ണശാല-
യങ്ങു സൗമിത്രി ഭംഗിയിൽ. 147

പരന്ന മുററം നടയിൽ
നിഴലേറും വനസ്പതി
പൂവള്ളിവേലിയിവയാൽ
ശോഭിച്ചു രാഘവാശ്രമം. 148

Digitized By Kerala Sahitya Akademi

അതിൽ സുഫലമൂലാഢ്യ-
മായോരാ വനസീമയിൽ
രമിച്ചാൻ സീതയോടൊത്തു
രാമൻ ലക്ഷ്മണസേവിതൻ. 149

നീരാട്ടം പുഴയിൽപോയി
രാവിലേ പിന്നെ വന്നവർ
നിത്യകർമ്മങ്ങൾ ചെയ്തിട്ടു്
കഴിക്കും വന്യഭോജനം. 150

വിശ്രമിക്കും പിന്നെയുച്ച-
യ്ക്കുടജത്തിങ്കലങ്ങവർ
വിഹരിക്കും പോയ്‌നടന്നു
വൈകുന്നേരം വനങ്ങളിൽ. 151

കഴിഞ്ഞിവണ്ണം നെടുനാൾ
കൗതുഹലമൊടന്നുടൻ
അവർക്കു പഞ്ചവടിയി-
ലാദ്യമാം മഞ്ഞുകാലമായ്. 152

വെളുത്തിട്ടുമിരുട്ടായി-
വ്യാപിക്കും മഞ്ഞിൽ മൂഢയായ്
വിളിക്കൂട്ടി ചക്രവാകി
വിപത്തായ് പത്മിനിക്കുമേ. 153

ഹേമന്തക്രൂരപവനൻ
പത്രമെല്ലാം പൊഴിക്കയാൽ
വനശ്രീയാർന്നു വൈരൂപ്യം
തൂവൽപോയ മയൂരിപോൽ. 154

Digitized By Kerala Sahitya Akademi

കുളിന്റു രോമം ചിപ്പിക്കും
ഗോദാവരിയിലന്നവർ
കുളിച്ചൊരുദിനം നിഷ്ഠ
രീത്തുവാണിതു രാവിലേ. 155

മൂടൽമഞ്ഞാം തിരശ്ശീല
മെല്ലെ സൂര്യൻ വലിക്കവേ
മുമ്പിൽ കാണായവർക്കൊട്ടു
ദൂരെ സ്ത്രീവേഷമൊന്നുടൻ. 156

പാറിച്ചിന്നും കുന്തൽ, പൂവിൻ-
പൊടിപൂണും കവിൾത്തടം,
പൊൻതക്കയിണ, നല്ലൊററ
മുത്തുഞാത്തിവ പൂണ്ടവൾ. 157

മാറും നിതംബവും മൂടി
മഞ്ഞപ്പൂഞ്ചേല ചാർത്തിയോൾ
മാറുഷാധികമായ് നീണ്ടു-
തടിച്ച മുകിൽമേനിയാൾ, 158

മനസ്സിൽ ഗൌരവംപോയി-
ക്കൃശഭാവമിയന്നവൾ,
മന്ദം നടന്നാശ്രമത്തിൽ
വന്നാളക്കണ്ട മങ്കയാൾ. 159

മുന്നിട്ടരാമനെ ക്കുന്തൽ
ചിക്കിപ്പുഞ്ചിരിപൂണ്ടവൾ
മുഖത്തുനോക്കി മുററത്തു-
മരത്തിൽ ചാരിനില്പുമായ്. 160



Digitized By Kerala Sahitya Akademi

ഇതുകണ്ടങ്ങു കോലായി-
ലാത്മപത്നീസമേതനായ്
ഇരുന്നരുളിടും രാമൻ
ചോദിച്ചാൻ വിസ്മയാകുലൻ 161

ആരെടോ തമ്പി, നീയെങ്ങു-
നിന്നാണിങ്ങുവരുന്നതും ?
ആരും കൂടാതെയിക്കാട്ടി-
ലെന്തു നീ സഞ്ചരിപ്പതും ? 162

ചൊന്നാളവൾ മുനിശ്രേഷ്ഠൻ
വിശ്രവസ്സിൻെറ പുത്രി ഞാൻ
രാക്ഷസലോകാധിപതിയാം
രാവണൻെറ സഹോദരി. 163

ജനസ്ഥാനാധിപന്മാരെൻ
ക്രൂരകാരികൾ ഖരാദികൾ
അവരൊത്തിങ്ങു വാഴ്‌വൂ ഞാ-
നക്കരത്തന്നെ തൽപുരം. 164

കോസലേശ! ഭവാനെക്കേ-
ട്ടിരുന്നു ബഹുകാലമായ്
ഗോദാവരിയിലിന്നങ്ങേ-
ക്കണ്ടു ഞാനതിരാവിലേ. 165

പിന്നെയും കാണ്മതിനാശ-
യേറിപ്പിന്നാലെ പോന്നു ഞാൻ
പിരിഞ്ഞു പോകമാറില്ല
പൂ കണ്ടാൽ വണ്ടു ഭൂപതേ! 166

Digitized By Kerala Sahitya Akademi

അറപ്പും നാണവും തോന്നും
വാക്കിങ്ങനെ തുടർന്നുടൻ
അവളെക്കൂടി വേൾക്കേണ-
മെന്നുമായാൾ നിശാചരി. 167

ഏകസ്ത്രീചരിതൻ രാമ-
നെങ്ങു ദുർവൃത്തയാമിവൾ
ദുർമ്മോഹികൾക്കില്ലൗചിത്യ-
മിവളോ പിന്നെ രാക്ഷസി. 168

വെറുത്തു രാഘവൻ മാടി
വിളിച്ചാൻ തമ്പിയെ ദ്രുതം
വന്നെത്തുമവനെപ്പാർത്തു-
മവൾ നാണംകുണുങ്ങിനാൾ. 169

ചിരിച്ചുപോയാൾ വൈദേഹി
കണ്ടു രാക്ഷസി രുഷ്ടയായ്
ചീറിദ്ദേവിയെ ഹിംസിപ്പാൻ
കുതിച്ചാൾ വ്യാഘ്രിപോലവൾ. 170

ഉടൻ കടന്നിടംകയ്യാൽ
പിടിച്ചവളെ നിർത്തിനാൻ
ഊരിനാൻ വാളുറയിൽനി-
ന്നുഗ്രൻ ഝടിതി ലക്ഷ്മണൻ. 171

സ്ഫുരിക്കും വാളതിൻമുമ്പിൽ
പിടഞ്ഞാൾ ക്ഷണമാശരി
പന്തത്തിനെതിരായാടും
നിഴൽപോലുഗ്രരൂപിണി. 172

Digitized By Kerala Sahitya Akademi

മൂക്കും കാതുകളും താഴെ
വീണു ധൂർത്ത വിരൂപയായ്
മൂന്നുധാരകളായ് ചോര
ചെഞ്ചായം പൂശി ചേലയിൽ. 173

ഘോരമായലറി ദുഷ്ട-
യിടഞ്ഞു പിടിവിട്ടുടൻ
കണ്ടുകൊൾകെന്നു കയ്യോങ്ങി-
ക്കാട്ടിത്തെക്കോട്ടു മണ്ടിനാൾ. 174

മറഞ്ഞു ശൂർപ്പണഖയെ-
ന്നാഖ്യയാമന്നിശാചരി
മനസ്സിൽ രാമാദികൾക്കു
വിപൽശങ്കയുമേറെയായ്. 175

അന്യോന്യമവർ സംസാരി-
ച്ചിരുന്നു—നേരമുച്ചയായ്
അപ്പോൾ കാണായിതകലെ
സ്സൈന്യസന്നാഹലക്ഷണം. 176

ഒളിച്ചാൻ ഗുഹയിൽ കൊണ്ടു-
പോയിസ്സീതയെ ലക്ഷ്മണൻ
ഒററയ്ക്കു വില്ലുമായ് ധീരൻ
പോയാൻ പോരിന്നു രാഘവൻ. 177

ഗോദാവരിക്കെത്തുകര-
യ്യെത്തി നന്മരുഭ്രമിയിൽ
കൊടികുത്തിക് ഖരൻതൻെറ
ഘോരമാം പട നിന്നിതു. 178

Digitized By Kerala Sahitya Akademi

ഞെട്ടഞ്ഞീ രാഘവൻ കൂട്ടം
ഞാണിൻഘോഷങ്ങൾ കേട്ടവർ
കണ്ഠീരവരവം കേട്ട
കാട്ടാനക്കൂട്ടമെന്നപോൽ. 179

എത്തീ രാമൻ പോക്കളത്തി-
ലുടനാർത്തുവിളിച്ചഹോ
എതിർത്തു ചെന്നരക്കന്മാർ
മുഷ്ടിദണ്ഡഗദായുധർ. 180

വില്ലാളി രാമനമ്പെയ്തു
വീണു ചത്തു നിശാചരർ
വാർകൊണ്ടൽമാരിയിൽപെട്ട
ശലഭങ്ങൾ കണക്കവർ. 181

വന്നാനെതിർത്തുടൻ വീരൻ
ദൂഷണൻ ഖരസോദരൻ
വേലോങ്ങിക്കൊ,ണ്ടവനെയും
വീഴ്ത്തിനാനെയ്തു രാഘവൻ. 182

ഇരുമ്പുലക്കയും വീശി-
യാർമ്പ്ഭാടത്തോട്ടുടൻ ഖരൻ
എത്തീടിനാൻ നഷ്ടയൂഥ-
നാനത്തലവനെന്നപോൽ. 183

ഗുഹയിൽ പുക്ക സിംഹത്തിൻ
ജടയെത്തുണബുദ്ധിയാൽ
കടിക്കും മാൻകിടാവിന്റെ
യേട്ടൻ നീ ക്ഷത്രിയാധമ! 184

Digitized By Kerala Sahitya Akademi

കണ്ടുകൊൾകെന്നോങ്ങിയവ-
നടിച്ചാൻ ക്രോധമൂർച്ഛിതൻ
കുതിച്ചു പിന്നോട്ടുമാറി-
യമ്പെയ്താൻ രഘുനന്ദനൻ. 185

ഇരുമ്പുഗദയോടൊറ്റ
കയ്യും തലയുമായുടൻ
ഇടഞ്ഞു വീണു ധരയിൽ
ഗണ്ഡശൈലം കണക്കവൻ. 186

ഖരനും ക്രൂരരും മൂന്നേ-
മുക്കാൽ നാഴികകൊണ്ടഹോ!
കുറുക്കനും കഴുകനും
സദ്യയായ്ത്തീർന്നിതീവിധം. 187

മടങ്ങി രാമൻ സോൽകണ്ഠ-
യായതൻ പത്നിയാളോടും
സോദരൻ തന്നോടും ചൊന്നാൻ
കഥ പുഞ്ചിരികൊണ്ടുതാൻ. 188

മുനിമാരജ്ഞയാ കേട്ട-
ങ്ങയച്ചാരുപഹാരമായ്
മുഖ്യായുധങ്ങളും വീണ്ടും
മൂവർക്കും ഭൂഷണങ്ങളും. 189

രമ്യമാം പഞ്ചവടിയിൽ
പിന്നെയും സുഖമായവർ
രമിച്ചാർ പലനാളപ്പോൾ
വനത്തിൽ പുഷ്പകാലമായ്. 190

Digitized By Kerala Sahitya Akademi

പൂത്തു ചമത, പൂത്തു നീർ-
മരുതി, പൂത്തു കൊന്നകൾ,
പൂത്തു വള്ളികളോരോന്നും,
പൂത്തു പുല്ലുകൾപോലുമേ. 191

സന്തുഷ്ടരായ് പൂത്ത കാട്ടിൽ
നടന്നാർ ഭംഗികണ്ടവർ
സന്ധ്യാമേഘത്തിനിടയിൽ
സഞ്ചരിക്കും ഖഗങ്ങൾപോൽ. 192

വനപുഷ്പങ്ങളാൽ നിത്യ-
മലംകൃതശരീരയായ്
വിലസീ സീതയക്കാട്ടിൽ
മെയ്യേന്തുമൃതുലക്ഷ്മിപോൽ. 193

പാടീ കുയിലിനം ക്രവി
ന്ദ്രാക്കളുത്സാഹമാന്നുടൻ
മുരണ്ടു വണ്ടിൻനിരകൾ
മുഖരീഭൂതമായ് വനം. 194

മലരിൻ മിശ്രസൗരഭ്യ-
മൊത്തു നന്മധുഗന്ധവും
മേളിച്ചു കാട്ടുപവനൻ
തെക്കുനിന്നെത്തി മെല്ലവേ. 195

പുഴതൻ പുളിനത്തിൽ പോയ്
വള്ളിക്കുടിലിൽ മേവുവാൻ
പ്രിയമേറീ ജാനകിക്കു
മുററും മദ്ധ്യാഹ്നവേളയിൽ. 196

Digitized By Kerala Sahitya Akademi

നൈർമ്മല്യത്താലടിത്തട്ടു
കാണും ഗോദാജലങ്ങളിൽ
നീരാടിത്തന്നെ സമയം
നയിച്ചു ചിലപോതവൾ. 197

നീന്തുന്ന ദേവിതൻ നീണ്ടു-
ചുരുണ്ട വിരിവാർകുഴൽ
നിർമ്മിച്ചു ഗോദാവരിയിൽ
കാളിന്ദീഭംഗിയൊട്ടിടം. 198

തങ്കപ്പൂമേനിയാൾ തന്നെ
മുങ്ങും ദിക്കിലെഴും ജലം
തമിഴത്തികൾ നീരാട്ടും
ഭാഗംപോൽ തോന്നി മഞ്ഞയായ്. 199

ഒന്നായ്പറക്കും കുരുവിൽ-
നിരതൻ നിഴൽപോലവേ
ഒഴുക്കിലോട്ടും മീൻകൂട്ട-
മേകും ദേവിക്കു കൗതുകം. 200

കളിച്ചു ദേവിക്കു കൈതാർത്തും
പിടിപ്പാൻ മീൻകിടാങ്ങളെ
കമലം താഴ്ന്നതെന്നോർത്തു
ചെന്നേറുമവ നിർഭയം. 201

കാട്ടിലീവണ്ണമേകാന്ത-
വിഹാരസുഖമൂർച്ഛയിൽ
കൈകേയിക്കു നമസ്കാര-
മെന്നോതും കാന്തനോടവൾ. 202

Digitized By Kerala Sahitya Akademi

അക്കാലമാശ്രമത്തിങ്ക-
ലൊരു പൂർവ്വാഹ്നവേളയിൽ
അങ്ങുകാണായോട്ടമൊരു
പൊൻനിറം പൂണ്ട പുള്ളിമാൻ. 203

അഹോ! ഇതെന്തൊരാശ്ചര്യ-
മിമ്മൃഗത്തിന്നു നോക്കുവിൻ!
അക്കരശ്മിയിൽ മിന്നുന്നു
വെള്ളിപ്പൊട്ടാന്ന പൊന്നുടൽ. 204

അതോ! നിൽക്കുന്നതോ! മണ്ടു-
ന്നതോ! ദ്ദൂരത്തുപോയ് മൃഗം
അഴകേറും ഗളംപൊക്കി
നോക്കുന്നു നിന്നു നമ്മളേ. 205

പിടിച്ചുകൊണ്ടുവരിക-
മ്മാനെ യെൻപ്രിയ പോകുക,
പററീടാഞ്ഞിൽ കൊന്നതിന്റെ
തോലെന്നാലും ഹരിക്കുക. 206

സീത ചൊന്നാളിതമ്പോന്നു
പോയാൻ വില്ലേന്തി രാഘവൻ,
സുകുമാരാത്ഥനകളെ
സ്ത്രീ ചെയ്താൽ തള്ളിടാ പുമാൻ. 207

അടുത്തു രാമനകലെ..
പ്പാഞ്ഞുപോയ് നിന്നു പുള്ളിമാൻ
അങ്ങെത്തി രാമനക്കാഴ്ച
സോൽകണ്ടും കണ്ടു ജാനകി. 208

Digitized By Kerala Sahitya Akademi

അവിട്ടുന്നും തെററിമണ്ടി-
ക്കണ്ണെത്താത്തിദ്ദൂരമായ്
ഹാ മുമ്പും പിമ്പുമായ് മാനും
രാമനും പോയ്മറഞ്ഞിതു. 209

പ്രിയനെക്കാണാഞ്ഞുമുള്ളിൽ
പൊന്മാനിൽ കൊതിയാർന്നമേ
പാരം സംഭ്രാന്തയായ് നിന്നു
സീത—നേരവുമേറെയായ്. 210

അയ്യോ! ലക്ഷ്മണ, രക്ഷിക്ക,
എന്നെക്കൊല്ലുന്നു രാക്ഷസർ
അയ്യോ സീതേ! വേർപെടാറായ്
നിന്നെ ഞാൻ പ്രാണവല്ലഭേ! 211

എന്നങ്ങു മാൻപോയദിക്കിൽ
നിന്നുടൻ ദീർഘരോദനം
എത്തീ കർണ്ണത്തിലാഹഹ!
സീത മോഹിച്ചുവീണുപോയ്. 212

ആര്യേ, സമാശ്വസിക്കെല്ലാം
വ്യാജമാണോർക്കയിസ്വരം
ആര്യന്റേതല്ല, വീരന്മാർ
ചെയ്കീടാ ദീനരോദനം. 213

പകയേറും രാക്ഷസന്മാർ
നമ്മെ വഞ്ചിക്കയാം ശുഭേ,
ഭയപ്പെടായ്കയാര്യനിപ്പോൾ
വരും വീരൻ ധനുർദ്ധരൻ. 214

Digitized By Kerala Sahitya Akademi

സംജ്ഞാതരോട്ടാ ദേവിയൊട്ട
പലതിങ്ങനെ ലക്ഷ്മണൻ
സാന്ത്വനം ചൊല്ലിനാൻ ധീമാ-
നാശ്വസിച്ചില്ലയസ്സതി. 215

എന്നല്ല പോകെൻപ്രിയനെ
രക്ഷിക്കെന്നവളം തമ്പിയെ
ത്വരിപ്പിച്ചാൾ; ദേവിയേക-
യാകയാൽ പോയതില്ലവൻ. 216

കോപിച്ചാൾ സീത ഭർത്സിച്ചാ-
ളവനെ ബ്ഭർത്തൃചിന്തയാൽ
കരഞ്ഞാൾ സാധ്വിയാൾ പ്രാണ-
ത്യാഗം ചെയ്യാനൊരുങ്ങിനാൾ. 217

ഭ്രാതൃനാശാർത്ഥിയാം ധൂർത്ത-
നെന്നാൾ ദേവരനെ സ്വയം
ഭ്രാതൃപത്നീകാമിയെന്നു-
മാക്രോശിച്ചാൾ പതിവ്രത. 218

കാഷ്ടം സദ്വൃത്തരെന്നാലും
വാച്യാവാച്യവിവേചനം
കലരാ ക്ഷുഭിതാത്മാക്കൾ
വിശേഷിച്ചും വരാംഗിമാർ 219

കണ്ണുങ്ങൾ പൊത്തിക്ഖേദിച്ചു
പിന്നെദ്ദേവിക്കു ലക്ഷ്മണൻ
കുശലം പ്രാർത്ഥിച്ചുകൊണ്ടു
പോയാനെന്നോതിയാൽമതി. 220

Digitized By Kerala Sahitya Akademi

ഉള്ളുനൊന്തു പുറത്തോട്ടു
നോക്കിയമ്മതിനേർമുഖി
ഒരു കയ്യാൽ മുഖം താങ്ങി-
യുമ്മരത്തങ്ങിരുന്നിതു. 221

ചെററുമൂർത്തുടൻ കാവി-
നിലയങ്കിയണിഞ്ഞഹോ!
ഛത്രമാർന്നൊരു സന്ന്യാസി
കാണായ് നേരേ വരുന്നതായ്. 222

കറുത്ത താടിയും പട്ടു-
തലപ്പാവും, വിഭൂതിയും
പൂണ്ടോൻ പിന്നാമ്പുറം തൂങ്ങും
മൊന്തയും ദണ്ഡുമേലുവോൻ. 223

സാശങ്കം നന്മെതിയടി-
യേറിയാർത്തു നടന്നുടൻ
സാമമന്ത്രം പാടിയവ-
നെത്തിനാനുടജാങ്കണം. 224

ഉഷസ്സിൽ ശൂന്യമാം ദ്യോവി-
ലൊററത്താരക പോലവേ
ഉമ്മരത്തിൽ കേണിരിക്കും
ദേവിയെക്കണ്ടിതങ്ങവൻ. 225

ഒട്ടു മുമ്പോട്ടുപോയ് മാറി-
പ്പിന്നോക്കംനിന്നു തെല്ലവൻ
ഉള്ളുറപ്പിച്ചു വീണ്ടുംപോയ്
ചെന്നു കോലായിലേറിനാൻ. 226

Digitized By Kerala Sahitya Akademi

എഴുന്നേററാസനം നൽകി-
യിരുത്തി യതിയെസ്സതി
ഏതവസ്ഥയിലും യോഗ്യ-
രുപചാരം മറന്നിടാ. 227

മഞ്ഞപ്പട്ടാടയാൽ സ്വർണ്ണ-
മോഹനാംഗം മറച്ചുടൻ
മാറിനില്ക്കും ദേവിയുടെ
ചാരുത്വം നോക്കിനാനവൻ. 228

കുശലം ചോദിച്ചുകൊണ്ടു
കുയിൽനേർവാണിയോടവൻ
കൗതൂഹലമൊതുങ്ങാതെ
സംസാരിച്ചാനസംഗതം. 229

രമ്യരമ്യാംഗി, ഞാൻ നിന്നെ-
യറിയും ജനകാത്മജേ,
രാമനാം മുറുംമുരുക്കിന്മേൽ
പററും മധുരമല്ലികേ. 230

ശാപത്താൽ ഭൂമിയിൽത്തങ്ങി
നില്ക്കും ദേവതപോലെ നീ
ശശിരമ്യാനനേ, കാട്ടിൽ
ക്ലേശിക്കുന്നെന്തിനോമലേ! 231

പെങ്ങളാകും ശൂർപ്പണഖ
പറഞ്ഞാറും നിൻ ഗുണോൽകരം
പതിന്മടങ്ങായ് കാണുന്നു-
ണ്ടതു നിന്നിൽ മനോഹരേ. 232

Digitized By Kerala Sahitya Akademi

നിൻസമാഗമമിച്ഛിച്ചി-
ട്ടീനവേഷമിയന്നു ഞാൻ
നീലോൽപലേക്ഷണേ, സ്നേഹം
ചൊന്നാലാരെന്തു ചെയ്തിടാ 233

ധരിക്ക ലോകവിജയി
രാവണൻ സാമവേദി ഞാൻ
ത്വദ്ദാസനായ് ധന്യനാവാൻ
സജ്ജൻ ലോകൈകസുന്ദരി! 234

മണിസൗധങ്ങളാൽ ദീപ്ത-
മാകും മലകൾ കോട്ടയായ്
മുത്തും പവിഴവും മിന്നും
തെക്കേക്കടൽ കിടങ്ങുമായ്. 235

മനുഷ്യദുഷ്പ്രാപമായി
മഹൈശ്വര്യനികേതമായ്
മനോജ്ഞമായ ഭൂലോക-
സ്വർഗ്ഗമാം ലങ്കയെൻപുരം. 236

ആകാശമാർഗ്ഗമായ് പോകാ-
നുണ്ടെനിക്ക വിമാനവും
ആക്കമില്ലിങ്ങതേറ്റേറ്റു
കൊണ്ടുവന്നിട്ടുമുണ്ടു ഞാൻ. 237

വരികാരോമലേ, പോകാ-
മതിലേറുക, ദേവിപോൽ
വാനിലൂടേ സഞ്ചരിക്ക,
വന്നു ലങ്കയിൽ വാഴുക. 238

Digitized By Kerala Sahitya Akademi

ലങ്കയ്ക്കാഭരണം നീയാ-
മല്ലായ്കിലതു തേടുമേ
ലാഘവം സാഴികക്കേഭ-
മററ ഗോപുരമെന്നപോൽ. 139

രാമനെച്ചൊല്ലി ദുഃഖിച്ചു
നശിപ്പിക്കായ്ക നിന്നെ നീ
രാജ്യം കളഞ്ഞ ജളനെ
ലക്ഷ്മിയും കളയും പ്രിയേ! 240

കേട്ടി വാക്യങ്ങൾ കോപിച്ചും
ഭയന്നും സീത കണ്ററയായ്
കുഴങ്ങിയും ധൈര്യമാന്നും
കമ്പിച്ചും നിന്നു ചൊല്ലിനാൾ. 241

അഹോ! വഞ്ചിച്ചു നീയെന്നെ
കഷ്ടം ധൂൎത്ത, നിശാചര,
അഹോ! നിൻ ദുർഭാഷണത്താൽ
ദൂഷിച്ചു രാഘവാശ്രമം. 242

മിണ്ടായ്കെഴുന്നേല്ക്ക പോക-
യിരിക്കായ്കെന്റെ മുമ്പിൽ നീ
മടങ്ങിയിങ്ങിപ്പൊഴെത്തു-
മെൻപ്രിയൻ നിൻകുലാന്തകൻ. 243

കാററിലാട്ടും നെട്ടംകൊന്ന-
പ്പൂങ്കൊത്തേ, ഭീഷണോക്തിയാൽ
കലുങ്ങാ രാവണൻ—നിന്റെ
കോപവും മോഹനം പ്രിയേ! 244

Digitized By Kerala Sahitya Akademi

എന്നോതി യെഴുന്നേറ്റാശു
ഭിക്ഷുവേഷം വെടിഞ്ഞുടൻ
എതിരേ മന്ദഹാസം പൂ-
ണ്ടൊന്നുനിന്നാനരക്കർകോൻ 245

കറുത്ത പൊങ്ങിക്കവച-
കിരീടോജ്ജ്വലനാമവൻ
കട്ടംചുവപ്പാട പൂണ്ടു
കാണാറായന്തിവിണ്ണുപോൽ. 246

എത്തീ വിമാനമുടനേ-
യഹോ! സീതയെ രാവണൻ
എടുത്തുകൊണ്ടു പോയേറ്റി-
യതിൽ താനും കരേറിനാൻ. 247

പിടഞ്ഞാൾ മാഴ്കിനാൾ വേടൻ
പിടിക്കും പ്രാവുപോലവൾ
പാരം നിരാശയായ് കേണാ-
ളുറക്കെപ്പികവാണിയാൾ. 248

ഭയപ്പെടായ്കു നീ സീതേ,
രാമനെന്നകണക്കു ഞാൻ
പെണ്ണുങ്ങളിൽ ക്രൂരനല്ലെ-
ന്നോതിത്തേരോട്ടിനാനവൻ. 249

പൊങ്ങീ വനംവിട്ടു സീത
പെട്ടും രാവണവാഹനം
പവ്വതം വിട്ടു പൊൻമിന്ന-
ലേലും പൂമുകിൽമാതിരി 250

Digitized By Kerala Sahitya Akademi

കരഞ്ഞു ദേവി പലതും
ചൊല്ലിയദ്ദീനരോദനം
കഷ്ടം! വായുവിലങ്ങങ്ങു
ലയിച്ചു ജലരേഖയായ്. 251

ദിഗന്തത്തിൽ സീതയെക്കൊ-
ണ്ടീവിധം പോയ് മറഞ്ഞിതു
ദിനശ്രീയെ ഹരിച്ചീട്ടും
പ്രദോഷംപോലെ രാവണൻ. 252

അനന്തരം കണ്ടുമുട്ടീ
കാട്ടിൽ തമ്പിയെ രാഘവൻ
അവർ സംഭ്രാന്തരായോതീ
കഥയന്യോന്യമൊക്കവേ. 253

മാരീചരാക്ഷസൻ പണ്ടു
മുറിവേററു മറഞ്ഞവൻ
മാനായ് വഞ്ചിച്ചതാണത്രേ
രാമനെത്താടകാസുതൻ. 254

മൃഗത്തിനമ്പെയ്തവനെ-
ക്കൊന്നു രാഘവനെങ്കിലും
മായമുണ്ടെന്നോർത്തു കള്ളൻ
മറിച്ചു വിലപിക്കയാൽ 255

പററീ വിപത്തെന്നന്യോന്യ-
മോർത്ത ഭ്രാതാക്കളാർത്തരായ്
പാഞ്ഞെത്തിനാരാശ്രമത്തിൽ
കഷ്ടം സീതയെ നോക്കുവാൻ. 256



Digitized By Kerala Sahitya Akademi

അലച്ചു ചുററുന്ന കൂട്ടിൽ
സീത പോററിയ പൈങ്കിളി
അങ്ങങ്ങുഴന്നു നിൽക്കുന്നു
ദേവി പാലിച്ച മാൻനിര. 257

അകായിൽ പുക്കുടൻ രാമൻ
നോക്കീ മുറിയിലൊക്കെയും
അടുത്തും ദൂരെയും ചുററും
പാഞ്ഞന്വേഷിച്ചു ലക്ഷ്മണൻ. 258

സീതേ, സീതേ, യെന്നു രാമൻ
വിളിച്ചങ്ങങ്ങു തേടിനാൻ
ആര്യേ ആര്യേ, യെന്നുഴന്നു
ലക്ഷ്മണൻ വിളിക്കൂട്ടിനാൻ. 259

പുഴക്കടവിലും വള്ളി-
ക്കെട്ടിലും പുളിനത്തിലും
പോയി നോക്കീടിനാർ രണ്ടു-
പേരുമപ്പുഴതന്നിലും. 260

നോക്കി ശിലാതലത്തിങ്കൽ
ചമതപ്പ്ലായതന്നിലും
നോക്കീ രാഘവർ ദേവിക്ക-
ങ്ങിഷ്ടമാം ദിക്കിലൊക്കെയും 261

അയ്യോ! സീതേ! ജനകജേ!-
യെന്നെയെൻ പ്രാണനായികേ!
ഈ വനത്തിലുപേക്ഷിച്ചി-
ട്ടെങ്ങു നീ പോയതോമലേ! 262

Digitized By Kerala Sahitya Akademi

അയ്യോ! കത്തുന്ന ഹൃദയം
മങ്ങുന്നു കാഴ്ച ലക്ഷ്മണ,
ചുഴററുന്നു പമ്പരംപോ-
ലെല്ലാമെൻമുമ്പു ദുർവ്വിധി! 163

എന്നോതി രാഘവൻ കാട്ടിൽ
വീണുപോയി വിസംജ്ഞനായ്
എട്ടുത്താശ്വാസമരുളി
സാന്ത്വതാപൻ സഹോദരൻ. 264

എഴുന്നേററു പിന്നെയൊരുമട്ടിലങ്ങുപോ-
യുടനായുധങ്ങളുമെടുത്തു ഖിന്നരായ്
ഒഴുകുന്ന ബാഷ്പമൊടു ശൂന്യമാശ്രമം
ചുടുകാടുപോലവർ വെടിഞ്ഞുപോയിതു. 265

എങ്ങോരു സീതയെ നയിച്ചതു കൃത്യമേതാ-
ണെങ്ങാണു പോവതിനിയെന്നിവ തോന്നിടാതെ
ലാക്കററു കാട്ടിലവർ കേണുനടന്നു നീളെ
ചോക്കററ പക്ഷികൾകണക്കെ നൃപാത്മജന്മാർ

രസയൊരുവഴി പോയീ രാമ-
നിച്ഛ്പോളിതാ തൻ
രമണി ഹൃതയുമായീ ഹന്ത!
സത്യം ജഗത്തിൽ
രസവുമറിവുമേകം രേഖ
ദൈവം കുറിച്ചു
രഘുപതിയുടെ രക്തപ്രായ-
മാം കണ്ണുനീരാൽ. 267

ശുഭം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi